**അടിയന്തരപ്രമേയം**

**സിൽവർ ലൈൻ പദ്ധതി**

മി. സ്പീക്കർ: സിൽവർ ലൈൻ പദ്ധതി അനിശ്ചിതത്വത്തിലായിട്ടും പാതയ്ക്കായി ഏറ്റെടുക്കേണ്ടി വരുന്ന വസ്തുവിന്റെ സർവ്വേ നമ്പർ ഉൾക്കൊള്ളുന്ന ഉത്തരവ് റദ്ദാക്കാത്തതിനാൽ ഭൂവുടമകൾക്ക് അവരുടെ ഭൂമിയുടെ ക്രയവിക്രയം നടത്താനോ വായ്പയെടുക്കാനോ സാധിക്കാത്തതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ശ്രീ. റോജി എം. ജോൺ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സിൽവർ ലൈൻ പദ്ധതി കേരളത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിൽ വൻകുതിപ്പുണ്ടാക്കുന്ന ഒന്നായാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇത് നമ്മുടെ സമ്പദ്ഘടനയ്ക്കും വ്യവസായ അന്തരീക്ഷത്തിനും സാമൂഹിക വളർച്ചയ്ക്കും നൽകുന്ന സംഭാവന ഒട്ടുംതന്നെ ചെറുതല്ല. ഈ പദ്ധതി മരവിപ്പിച്ചിട്ടുണ്ടെന്നാണ് പ്രമേയാവതാരകൻ

പറയുന്നത്. ആദ്യംതന്നെ ഇത് വസ്തുതാവിരുദ്ധമാണെന്ന് പറഞ്ഞുകൊള്ളട്ടെ. പദ്ധതിയുടെ ഡി.പി.ആർ. അനുമതിക്കായി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും റെയിൽവേ മന്ത്രാലയം ആരാഞ്ഞ വിവരങ്ങൾക്ക് സ്പഷ്ടീകരണം നൽകുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ. റെയിൽവേ മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. റെയിൽവേ-ധന മന്ത്രാലയങ്ങളുടെ അറിയിപ്പുകളും സർക്കുലറുകളും പ്രകാരം നിക്ഷേപപൂർവ്വ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. ഇതുമായി ബന്ധപ്പെട്ട ജിയോടെക്നിക്കൽ പഠനം, ഹൈഡ്രോളജിക്കൽ പഠനം, സമഗ്ര പരിസ്ഥിതിയാഘാത പഠനം തുടങ്ങിയവ നടന്നുവരികയാണ്. മേൽപ്പറഞ്ഞ നിക്ഷേപപൂർവ്വ പ്രവർത്തനങ്ങളുടെ ഭാഗമായ സാമൂഹിക ആഘാത പഠനത്തിന്റെ ഭാഗമായാണ് ഭൂഅതിർത്തി നിർണ്ണയ പ്രവർത്തനങ്ങൾ നടത്തിയത്. ഇത് ഭൂമി ഏറ്റെടുക്കൽ പ്രവർത്തനമല്ല. ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പുതന്നെ ഭൂവുടമകൾക്ക് അർഹമായ നഷ്ടപരിഹാരം കാലവിളംബം കൂടാതെ വിതരണം ചെയ്യുമെന്ന് സർക്കാർ ഉറപ്പുനൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ആശങ്ക വേണ്ടെന്ന്

സർക്കാർ പല ആവർത്തി വ്യക്തമാക്കിയിട്ടുള്ളതാണ്. സാമൂഹിക ആഘാത പഠനത്തിന്റെ ഭാഗമായി അതിർത്തി തിരിച്ചിട്ടുള്ള ഭൂമി ക്രയവിക്രയം ചെയ്യുന്നതിന് നിലവിൽ നിയമപരമായി ഒരു തടസ്സവുമില്ല. ഭൂമി ഏറ്റെടുക്കലിന് ആധാരമായ 2013-ലെ Land Acquisition, Rehabilitation and Resettlement (LARR) നിയമത്തിന്റെ വകുപ്പ് 11(1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചാൽ മാത്രമേ ഭൂമിയുടെ ക്രയവിക്രയങ്ങൾക്കുള്ള നിയന്ത്രണങ്ങൾ പ്രാബല്യത്തിൽ വരികയുള്ളൂ. ഇന്നത്തെ ചോദ്യോത്തരവേളയിൽ ബഹുമാന്യനായ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ഇക്കാര്യം വ്യക്തമാക്കിയതാണ്. ഈ വിജ്ഞാനം പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ നിലവിൽ ക്രയവിക്രയം സാധ്യമാണ്. ഭൂമി പണയം വച്ച് വായ്പയെടുക്കുന്നതിനും തടസ്സമുണ്ടാകേണ്ടതില്ല. ഭയാശങ്കകളുടെ അന്തരീക്ഷം സൃഷ്ടിച്ച് പദ്ധതി ആരംഭത്തിനുമുമ്പുതന്നെ തുരങ്കം വയ്ക്കാനുള്ള ശ്രമമാണ് ചില വാർത്താനിർമ്മിതികളിലൂടെ നടന്നുവരുന്നത്. സിൽവർ ലൈൻ പദ്ധതിക്ക് അനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ മറ്റ് പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ റവന്യൂ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും തൽക്കാലം

പുനർവിന്യസിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി നിർത്തിവച്ചിട്ടുണ്ടെന്ന് പ്രചരണത്തിനായി ഉപയോഗിക്കുന്നത് തെറ്റിദ്ധാരണാജനകമാണ്. പദ്ധതി പ്രദേശങ്ങളിലെ ജനങ്ങൾക്കിടയിൽ തെറ്റിധാരണ പരത്തുകയും സാമൂഹിക ആഘാത പഠനങ്ങളുമായി ബന്ധപ്പെട്ട് ഏർപ്പെട്ട ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്തുയും ചെയ്തത് സംബന്ധിച്ചാണ് കേസ്സുകളെടുത്തിട്ടുള്ളത്. ഇത് പിൻവലിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. ഈ ഘട്ടത്തിൽ ടി വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു പ്രശ്നവും ഇതിനകത്ത് ഉദിക്കുന്നില്ല.

ശ്രീ. റോജി എം. ജോൺ: സർ, സിൽവർ ലൈൻ പദ്ധതി മരവിപ്പിച്ചിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. പക്ഷെ സർക്കാർ കൊട്ടിഘോഷിച്ച സിൽവർ ലൈൻ പദ്ധതി കോൾഡ് സ്റ്റോറേജിലായെന്നുള്ളത് കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും അറിയാവുന്ന കാര്യമാണ്. പദ്ധതി മരവിപ്പിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രി ഇപ്പോൾ മറുപടിയിൽ പറഞ്ഞപ്പോൾ അവിടെനിന്ന് ഒന്നുരണ്ട് ആളുകൾ വേണോ വേണ്ടായോ എന്ന് ശങ്കിച്ച് ചെറുതായി കയ്യടിക്കുന്നത് മാത്രമേ കേൾക്കാൻ സാധിച്ചുള്ളൂ.

ആദ്യത്തെ ആവേശമൊന്നും ഇപ്പോൾ അരുടെയും കയ്യടിയിലില്ല. അതുകൊണ്ടുതന്നെ ഈ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; ഇതിന്റെ ഭാവിയെന്താണ്? എന്നുള്ളതുസംബന്ധിച്ച് കേരളത്തിൽ അരി ആഹാരം കഴിക്കുന്ന എല്ലാവർക്കും വ്യക്തമായ ബോധ്യമുണ്ട്. ഇവിടെ സംഭവിച്ചിരിക്കുന്നത്, 205-ഓളം റവന്യൂ ഉദ്യോഗസ്ഥരെ തിരിച്ചുവിളിച്ചു. പക്ഷെ ഇപ്പോഴും ഭൂവുടമകൾ അനിശ്ചിതത്ത്വത്തിലും ആശങ്കയിലും നിൽക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അല്പംമുമ്പ് സംസാരിച്ചപ്പോൾ അവിടെ ക്രയവിക്രയങ്ങൾ നടത്തുന്നതിനോ ലോൺ എടുക്കുന്നതിനോ തടസ്സമില്ലെന്ന് പറയുകയുണ്ടായി. എന്നിട്ടും കേരളത്തിലെ ജനങ്ങൾ ഇപ്പോഴും ആശങ്കയിലായിരിക്കുന്നത് എന്തുകൊണ്ടാണ്? പോലീസിനെ ഉപയോഗിച്ച് ജനങ്ങളുടെ അടിവയറ്റിൽ ചവിട്ടിയും സ്ത്രീകളെയും കുട്ടികളെയും വലിച്ചിഴച്ചും ജലപീരങ്കിയും കണ്ണീർവാതകവും ഉപയോഗിച്ചും അറസ്റ്റും കേസ്സും തീവ്രവാദ മുദ്രയുമൊക്കെ കുത്തി കേരളത്തിൽ അങ്ങോളമിങ്ങോളം സ്ഥാപിച്ച 6744 മഞ്ഞക്കുറ്റികൾ ഇപ്പോഴും ഈ ഭൂവുടമകൾക്ക് വലിയ ആശങ്കയായി അവരുടെ വസ്തുവിൽ നിൽക്കുകയാണ്. ഇപ്പോൾ ഫുട്ബോൾ നടക്കുന്ന സമയമാണ്.

മഞ്ഞക്കുറ്റികൾ ബ്രസീലിനെ സ്മരിക്കാൻവേണ്ടിയൊന്നും വച്ചതല്ല. ഇത് എൽ.ഡി.എഫ്. സർക്കാരിന്റെ പിടിപ്പുകേടിന്റെയും ധാർഷ്ട്യത്തിന്റെയും നിത്യസ്മാരകങ്ങളായി കേരളത്തിൽ നിൽക്കുകയാണ്. അതിൽ സ്വാഭാവികമായും ഭൂവുടമകൾക്ക് വലിയ ആശങ്കയാണുള്ളത്. കാരണം ഈ പദ്ധതി എന്ന് വരുമെന്നോ നടപ്പിലാകുമെന്നോ അവർക്ക് അതിന് പണം കിട്ടുമോയെന്നൊന്നും യാതൊരു നിശ്ചയവുമില്ല. ഇതിന് കേന്ദ്രത്തിന്റെയും റെയിൽവേ ബോർഡിന്റെയും അനുമതി എന്ന് കിട്ടുമെന്ന് നിശ്ചയമില്ലാതെ അനന്തമായി നീണ്ടുപോകുന്ന, അല്ലെങ്കിൽ നടക്കുമെന്ന് യാതൊരു തരത്തിലുമുള്ള വിശ്വാസ്യതയും സാധാരണ ജനങ്ങൾക്കില്ലാത്ത സാഹചര്യത്തിൽ പദ്ധതിയുടെ പേരിൽ മഞ്ഞക്കുറ്റികൾ കേരളത്തിൽ അങ്ങോളമിങ്ങോളം ഇവരുടെ വസ്തുവിൽ നിൽക്കുമ്പോൾ ജനങ്ങളെല്ലാം വലിയ ആശങ്കയിലാണ്. സാമൂഹിക ആഘാത പഠനം നടത്തുന്നതിനുവേണ്ടി എൽ.എ.ആർ.ആർ. ആക്ടിന്റെ അടിസ്ഥാനത്തിൽ 4(1) നോട്ടിഫിക്കേഷനാണ് ഇറക്കിയതെന്ന് ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതിന് മുമ്പ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും പറയുകയുണ്ടായി. 1221 ഹെക്ടർ

പ്രദേശത്താണ് ഇപ്പോൾ ഈ വിജ്ഞാപനം വന്നിരിക്കുന്നത്. ആദ്യത്തെ ഉത്തരവിൽ അത് 955 ഹെക്ടറായിരുന്നു. 1221 ഹെക്ടർ ഭൂമിയോടൊപ്പം ഇവിടെ നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ച് 10 മീറ്റർ അപ്പുറത്തേയ്ക്കും ഇപ്പുറത്തേയ്ക്കും ബഫർ സോൺ. അങ്ങനെ ഈ പദ്ധതി കടന്നുപോകുന്നതായി പറയപ്പെടുന്ന പ്രദേശങ്ങളിലുള്ള മുഴുവൻ ജനങ്ങളും ഭൂമിയുമായി ബന്ധപ്പെട്ട് യാതൊരു തുടർനടപടികളും സ്വീകരിക്കാൻ സാധിക്കാതെ ആശങ്കയിൽ നിൽക്കുകയാണ്. എന്താണ് കാരണം? ക്രയവിക്രയം നടത്തുന്നതിനും ലോണെടുക്കുന്നതിനും തടസ്സമില്ലെന്നൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. സർക്കാർ അത്തരത്തിൽ ഒരു നിർദ്ദേശം കൊടുത്തുവെന്നും പറയുന്നു. പക്ഷെ എന്താണ് യാഥാർത്ഥ്യം; അനിശ്ചിതത്വം നിലനിൽക്കുന്ന ഒരു ഭൂമി കാശുകൊടുത്ത് വാങ്ങാൻ ആരെങ്കിലും തയ്യാറാകുമോ; ഇവിടെയിരിക്കുന്ന നിങ്ങൾ ആരെങ്കിലും പോയി വാങ്ങുമോ; കാശുകൊടുത്ത് കടിക്കുന്ന പട്ടിയെ വാങ്ങാൻ ആരെങ്കിലും തയ്യാറാകുമോ? ഒരാൾക്ക് ഈ വസ്തു വിൽപ്പന നടത്തി എന്തെങ്കിലും കാര്യം നടത്താൻ ആഗ്രഹിക്കുകയാണെങ്കിൽ അതായത് ഒരു ചികിത്സയുടെ ആവശ്യത്തിനോ വിദ്യാഭ്യാസത്തിന്റെ ആവശ്യത്തിനോ

വിവാഹത്തിന്റെ ആവശ്യത്തിനോ ഏതെങ്കിലും തരത്തിലുള്ള ക്രയവിക്രയം നടത്താനായി ഈ വസ്തു ഉപയോഗിക്കാൻ ആഗ്രഹിച്ചാൽ അത് ആരെങ്കിലും വാങ്ങാൻ തയ്യാറാകുമോ? ബാങ്കുകൾ ലോൺ കൊടുക്കുന്നില്ല. ഇവിടെ മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ലോൺ കൊടുക്കുന്നതിന് തടസ്സമില്ലെന്ന് പറയുകയുണ്ടായി. ശരിയായിരിക്കാം. സംസ്ഥാന സഹകരണ രജിസ്ട്രാറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ ബാങ്കുകൾ ചിലപ്പോൾ ലോൺ കൊടുക്കാൻ തയ്യാറായേക്കാം. പക്ഷെ എല്ലാവരും സഹകരണ ബാങ്കുകളെയാണോ ആശ്രയിക്കുന്നത്? ഇവിടെ പൊതുമേഖലാ ബാങ്കുകളുടെയും ന്യൂ ജനറേഷൻ ബാങ്കുകളുടെയും അടുത്ത് പോകുമ്പോൾ അവരുടെ മാനേജർമാരോട് പറയുന്നത് ഈ വസ്തുവിന്റെ നിയമസാധുതകൾ പരിശോധിച്ചതിനുശേഷം മാത്രമേ ലോൺ കൊടുക്കാവൂ എന്നാണ്. പല ബാങ്കുകളെയും സമീപിക്കുമ്പോൾ അവർ ലോൺ കൊടുക്കാൻ തയ്യാറാകുന്നില്ല. ഇന്നലത്തെ മാതൃഭൂമി പത്രത്തിൽ വളരെ വിശദമായ, അന്വേഷണാത്മകമായ ഒരു റിപ്പോർട്ട് വന്നിരുന്നു....... നിങ്ങൾക്ക് മാതൃഭൂമി പത്രത്തെ വിശ്വാസമില്ലേ?

<u>മി. സ്പീക്കർ</u>: ശ്രീ. റോജി എം. ജോൺ ചെയറിനെ അഡ്രസ് ചെയ്ത് സംസാരിക്കു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഈ പദ്ധതി കടന്നുപോകുന്ന പ്രദേശത്ത് കല്ല് ഇട്ടിട്ടുള്ള ഭൂമിയുമായി ബന്ധപ്പെട്ട് നിരവധി ആളുകളെ നേരിൽ കണ്ട് പഠിച്ച് അവരുടെ അനുഭവ കഥകളാണ് ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. ഞാൻ ഒന്നുരണ്ടെണ്ണം പറയാം. കോഴിക്കോട് കാട്ടിൽപീടികയിലെ തൊട്ടോളിയിൽ ശ്രീജയും കുടുംബവും മകന്റെ വിവാഹത്തോടനുബന്ധിച്ച് വീട് നവീകരിക്കാനായി വീടും സ്ഥലവും ഈടുവച്ച് വായ്പയെടുക്കാൻ മാസങ്ങൾക്ക് മുമ്പ് നഗരത്തിലെ കാനറാ ബാങ്കിനെ സമീപിച്ചിരുന്നു. എന്നാൽ വീടും സ്ഥലവുമുണ്ടായിട്ടും സമീപത്ത് സിൽവർ ലൈൻ പദ്ധതിക്കായി അതിരടയാളക്കല്ലുകൾ രേഖപ്പെടുത്തിയിരിക്കുന്നുവെന്നതിന്റെ പേരിൽ ബാങ്ക് അവർക്ക് വായ്പ നൽകാൻ തയ്യാറായില്ല. ആലുവയിലും സമാന സംഭവമാണുണ്ടായത്; ആൽബിൻ ജെയിംസ് എന്ന ബിരുദവിദ്യാർത്ഥി വിദേശത്തുപോയി ഉന്നതപഠനം നടത്തുന്നതിന് വിദ്യാഭ്യാസ വായ്പയ്ക്കായി സ്റ്റേറ്റ് ബാങ്ക്, കാനറ ബാങ്ക് ഉൾപ്പെടെയുള്ള നിരവധി ബാങ്കുകളിൽ കയറിയിറങ്ങി.

വിദ്യാഭ്യാസ വായ്പ അനുവദിക്കാമെന്ന് ബാങ്കുകൾ ആദ്യം പറഞ്ഞെങ്കിലും അവർ വന്ന് സ്ഥല പരിശോധന നടത്തിയപ്പോൾ സമീപത്ത് കെ-റെയിലിന്റെ അതിരടയാളക്കല്ല് സ്ഥാപിച്ചിരിക്കുന്നുവെന്ന കാരണത്താൽ വായ്പ നിഷേധിക്കുകയും ആ വിദ്യാർത്ഥിക്ക് വിദേശത്തുപോയി പഠിക്കാനുള്ള അവസരം നഷ്ടപ്പെടുകയുമാണുണ്ടായത്. കോഴിക്കോട് മീൻചന്തയിലെ സാഹിറ മൻസിലിൽ മുഹമ്മദ് മദ്നി കോവിഡ് കാലത്ത് ബാങ്കിൽനിന്നും ലോണെടുത്ത് വീട് നിർമ്മിച്ചു. ആകെ മൂന്നര സെന്റ് സ്ഥലമേയുള്ളൂ. വീട് നിർമ്മിച്ചുകഴിഞ്ഞപ്പോൾ വലിയ ബാധ്യതയിലാകുകയും ലോൺ തിരിച്ചടയ്ക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ടാകുകയും ചെയ്തു. അദ്ദേഹം വസ്തു വിറ്റ് ബാധ്യത തീർത്തേയ്ക്കാമെന്ന് കരുതി വീട് വിൽക്കാനായി പരസ്യം കൊടുത്തു. തുടർന്ന് നിരവധിയാളുകൾ വീടും വസ്തുവും കാണാനായി വന്നു. അദ്ദേഹത്തിന്റെ വസ്തുവിന്റെ തൊട്ടടുത്തുള്ള മറ്റൊരാളുടെ പറമ്പിൽ സിൽവർ ലൈനിന്റെ കല്ലിട്ടിരിക്കുന്നതിനാൽ ഒരാളും ഈ വസ്തു വാങ്ങാൻ തയ്യാറായില്ല. അതാണ് ഞാൻ തുടക്കത്തിൽ സൂചിപ്പിച്ചത്, സർക്കാർ കേവലമായ ഒരു പ്രഖ്യാപനം ഇവിടെ പറഞ്ഞതുകൊണ്ട് അത് പ്രായോഗികതലത്തിൽ നടപ്പിലാക്കാൻ

സാധിക്കുമോ? ഇത് വളരെ ലളിതമായ ചോദ്യമാണ്. ഇതുസംബന്ധിച്ച് സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം കൊടുക്കാൻ സർക്കാരിന് സാധിക്കും. എന്നാൽ പൊതുമേഖലാ ബാങ്കുകൾക്ക് എസ്.എൽ.ബി.സി. (സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കോൺഫറൻസ്)-യെ വിളിച്ച് സംസാരിച്ച് ഇതിനകത്ത് തടസ്സമൊന്നുമില്ലെന്ന് അവരെക്കൊണ്ട് ഒരു ഉറപ്പ് കേരളത്തിലെ ജനങ്ങൾക്ക് കൊടുപ്പിക്കാൻ സാധിക്കുമോ; അല്ലെങ്കിൽ ആർ.ബി.ഐ.-യോ ബാങ്കേഴ്സ് സമിതിയോ ഇതുമായി ബന്ധപ്പെട്ട് ലോൺ കൊടുക്കാൻ തടസ്സമില്ലെന്ന എന്തെങ്കിലും ഒരു നിർദ്ദേശം ബാങ്കുകൾക്ക് നൽകാൻ തയ്യാറാകുമോ; അതിനൊന്നും തയ്യാറാകാത്ത സാഹചര്യത്തിൽ കേരളത്തിലെ വലിയൊരു വിഭാഗം ജനങ്ങൾ ഇന്ന് ആശങ്കയിൽ നിൽക്കുകയാണ്.

പത്രങ്ങളിലും ഇവിടെ റിപ്പോർട്ട് ചെയ്തിരിക്കുന്നതുമായ നിരവധി കേസുകൾ ഞാൻ വായിച്ചു. അതിലേയ്ക്കൊന്നും കടന്നുപോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടത്തെ ഒരു പ്രധാനപ്പെട്ട പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും പറയുകയുണ്ടായി. ആ പറഞ്ഞിരിക്കുന്നതിനനുസരിച്ച് ഇതിനകത്ത് എത്ര രൂപ ചെലവ് ചെയ്തു.

അതായത് ഒരിക്കലും നടക്കാത്തതും നടക്കുമെന്ന് ഉറപ്പില്ലാത്തതുമായ ഒരു പദ്ധതിക്കുവേണ്ടി, ബഹുമാന്യനായ മഞ്ഞളാംകുഴി അലി ഇവിടെ ചോദിച്ചിരിക്കുന്ന ചോദ്യത്തിന് നൽകിയിരിക്കുന്ന മറുപടിയിൽ, ഏകദേശം 57.84 കോടി രൂപ ചെലവാക്കിയെന്നുള്ളതാണ്. സംസ്ഥാനം ഇത്രയും വലിയ ധനപ്രതിസന്ധിയിൽ നിൽക്കുമ്പോഴും, നിത്യനിദാന ചെലവുകൾക്കുപോലും പണമില്ലാതെ മുന്നോട്ടുപോകുമ്പോഴും ഈയൊരു പദ്ധതിക്കുവേണ്ടി സർക്കാർ ചെലവഴിച്ചിരിക്കുന്നത് 57 കോടി രൂപയാണ്. 18-08-2021-ലെ ഉത്തരവിൽ ഒരു കാര്യം പറഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് സർക്കാർ പ്രസ്തുത റവന്യൂ ഉത്തരവിലെ ഖണ്ഡിക 6-ൽ 13 കോടി രൂപ അനുവദിച്ചതായി പറയുന്നു. അതിലെ ഖണ്ഡിക 3-ൽ പറയുന്ന മറ്റൊരു കാര്യമുണ്ട്. “ Minimum Special LA units will be created by Government, exclusively for the Land Acquisition of Semi High Speed Railway line. The establishment charges (Salary and other expenses) for running the Special Units shall be met by KRDCL from the funds provided by the State Government for the purpose, only after getting the project approved by the

Government of India and Railway Board.” റെയിൽവേ ബോർഡിന്റെയും കേന്ദ്രസർക്കാരിന്റെയും അനുമതി ലഭ്യമായതിനുശേഷം മാത്രമേ ഈ തുക ചെലവ് ചെയ്യൂ എന്ന് ഈ ഉത്തരവിൽ തന്നെ പറഞ്ഞതിനുശേഷം രാവിലെ റവന്യൂ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നത് എട്ടരക്കോടി രൂപ ഇതിലേയ്ക്കായി ചെലവ് ചെയ്തുവെന്നാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, അങ്ങനെയല്ല, അത് തെറ്റാണ്. കിഫ്ബിയിൽ നിന്ന് ലോൺ കൊടുത്ത 2100 കോടി രൂപ കെ.ആർ.ഡി.സി.എൽ.-ന് നേരിട്ട് ചെലവഴിക്കാൻ പാടില്ലെന്നേ ഉത്തരവിൽ പറയുന്നുള്ളൂ. അതുകൊണ്ടാണ് മറ്റൊരു വഴിയിൽ കെ.ആർ.ഡി.സി.എൽ.-ന് ആ പണം ലഭ്യമാക്കിയിട്ടുള്ളത്. അത് ആ ഉത്തരവിൽ തന്നെ തുടർന്നു പറയുന്നുണ്ട്.

ശ്രീ. റോജി എം. ജോൺ: സർ, അങ്ങ് തെറ്റിദ്ധരിപ്പിക്കുകയാണ്. റെയിൽവേ ബോർഡിന്റെയും കേന്ദ്രസർക്കാരിന്റെയും അനുമതി ലഭിച്ചശേഷം മാത്രം ഈ തുക വിനിയോഗിക്കുമെന്ന് പറഞ്ഞെങ്കിലും ഇപ്പോൾ എന്ത്

അനുമതിയുടെ അടിസ്ഥാനത്തിലാണ് ഈ എട്ടരക്കോടി രൂപ ചെലവ് ചെയ്തതെന്ന് പറയാൻ സർക്കാർ തയ്യാറാകണം. ഇതിന്റെ പേരിൽ നിരവധി കേസുകൾ ജനങ്ങളുടെമേൽ ചുമത്തിയിരിക്കുകയാണ്. പൊതുമുതൽ നശിപ്പിച്ചതുമായി ബന്ധപ്പെട്ട കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തിരിക്കുന്നത് എന്നതിനാൽ ഇവ പിൻവലിക്കേണ്ടകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ലെന്നാണ് ആ കേസുകൾക്ക് മുഖ്യമന്ത്രി നൽകിയിരിക്കുന്ന മറുപടി. അങ്കമാലിയിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ കാര്യം ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എനിക്ക് നൽകിയിരിക്കുന്ന മറുപടിയിൽ പറഞ്ഞിരിക്കുന്നത്, കെ-റെയിലിന്റെ സർവ്വേയ്ക്കെതിരെ പ്രതിഷേധവുമായി പ്രതികൾ മനുഷ്യജീവന് അപകടകരമായ കോവിഡ്-19 പ്രോട്ടോക്കോൾ ലംഘിച്ച് പാറക്കടവ് വില്ലേജിൽ പുളിയനംകരയിൽ ത്രിവേണി ജംഗ്ഷൻ ഭാഗത്ത് 20-01-2022-ന് രാവിലെ 10.00 മണിക്ക് സംഘംചേർന്ന് കെ-റെയിലിനെതിരെ മുദ്രാവാക്യം വിളിച്ച് സമരം നടത്തുന്നതായി ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ.....

<u>മി. സ്പീക്കർ</u>: ശ്രീ. റോജി എം. ജോൺ .... സമയം കഴിഞ്ഞു..... പ്ലീസ്

കൺക്ലൂഡ്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇടയ്ക്ക് ഇടപെട്ടുകൊണ്ടാണ്. കേരളത്തിലാകമാനം ഇതുപോലെ കെ-റെയിലിനെതിരെ മുദ്രാവാക്യം വിളിച്ചതിനുവരെ ആയിരക്കണക്കിന് ആളുകൾക്കെതിരെ കേസ്സെടുത്തിരിക്കുകയാണ്. ഈ പദ്ധതിയെ സംബന്ധിച്ച് അനിശ്ചിതത്വം നിൽക്കുന്നതിനാലും ആളുകൾ മുഴുവൻ ആശങ്കയിലായ സാഹചര്യമായതിനാലും ഈ കേസുകൾ പിൻവലിക്കാൻ സർക്കാർ തയ്യാറാകണം.

ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, കെ-റെയിൽ വരുമെന്ന കാര്യത്തിൽ ഒരു ആശങ്കയും വേണ്ടെന്നു പറഞ്ഞു. ഒരു നിലയിൽ മെട്രോ, അടുത്ത നിലയിൽ സിൽവർ ലൈൻ, അടുത്ത നിലയിൽ വാട്ടർ മെട്രോ - മൂന്ന് നിലയിലായി ഇതെല്ലാം അങ്ങോട്ടുമിങ്ങോട്ടും ഓടുമെന്നാണ് അദ്ദേഹം പറഞ്ഞത്. ഇപ്പോൾ സംഭവിച്ചിരിക്കുന്നതെന്താണ്? 205 റവന്യൂ ഉദ്യോഗസ്ഥരിൽ കുറച്ചുപേർവീതം മെട്രോയിലും സിൽവർ ലൈനിലും വാട്ടർ മെട്രോയിലും കയറി

അങ്ങോട്ടുമിങ്ങോട്ടും പോയി. ഈ പദ്ധതിതന്നെ അനിശ്ചിതത്വത്തിലായിരിക്കുന്ന സമയത്ത് ജനങ്ങളെ കഷ്ടപ്പെടുത്താതെ ആ നോട്ടിഫിക്കേഷൻ മരവിപ്പിച്ചുകൊണ്ട് അവരുടെ ആശങ്ക പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതുമായി ബന്ധപ്പെട്ട് എന്തോ ഗൗരവമായ കാര്യങ്ങൾ ബഹുമാന്യനായ അംഗം അവതരിപ്പിക്കാൻ പോകുന്നുവെന്നായിരുന്നു പ്രതീക്ഷിച്ചിരുന്നത്. പറഞ്ഞുകഴിഞ്ഞപ്പോൾ എന്താണ് പൊതുവിലുള്ള അവസ്ഥയെന്ന് എല്ലാവർക്കും മനസ്സിലായല്ലോ. ഇക്കാര്യത്തെ നമ്മൾ സമീപിക്കേണ്ടത് എങ്ങനെയാണെന്നുള്ളതാണ് ഗൗരവമായ പ്രശ്നം. നമുക്ക് രണ്ട് കൂട്ടർക്കും രണ്ട് തരത്തിലുള്ള സമീപനം ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ സംസ്ഥാനത്തിന്റെ വികസനത്തിന് വലിയ കുതിപ്പുണ്ടാക്കുന്ന ഒരു പദ്ധതിയാണിത്. അത്തരമൊരു പദ്ധതിയുടെ കാര്യത്തിൽ നേരത്തെ എതിർപ്പുണ്ടായിരുന്നില്ല. കേന്ദ്രസർക്കാരുമായി ഈ പദ്ധതിയുടെ ഭാഗമായുള്ള പ്രശ്നങ്ങളെടുത്തപ്പോൾ

പൂർണ്ണമായും പദ്ധതിക്ക് അനുകൂലമായ നിലപാടാണ് കേന്ദ്രസർക്കാരിൽനിന്നും ഉണ്ടായത്. ഇന്നലെ പാർലമെന്റിൽ പറഞ്ഞ മറുപടി പരാമർശിക്കുകയുണ്ടായി. 2021 ജനുവരി 15-ന് കേന്ദ്ര ധനകാര്യമന്ത്രി സംസ്ഥാന മുഖ്യമന്ത്രിക്ക് എഴുതിയ ഒരു കത്തുണ്ട്. ആ കത്തിലെ രണ്ടാമത്തെ ഖണ്ഡികയിൽ, Further in a meeting on 09-10-2020 to discuss the Silver-line Project with Japan International Co-operation Agency (JICA) MoR and the State Government, "It was decided that, the Project Implementation Agency (PIA)/Kerala Government may engage with JICA to move forward to finalize the designing of packages which would facilitate co-financing and in the 'meanwhile land acquisition and other clearances may be expedited by the PIA'. പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസിയെയാണല്ലോ പി.ഐ.എ. എന്നു പറയുന്നത്. 'meanwhile land acquisition and other clearances may be expedited by the PIA' എന്നാണ് പറഞ്ഞത്. ഇതായിരുന്നു നേരത്തെയുണ്ടായ സമീപനം. ഒരു കാര്യത്തിൽ നിങ്ങൾക്ക് ആശ്വാസം കൊള്ളാം. വിജയിച്ചുവെന്ന് ഞാൻ പറയുന്നില്ല, ആ വിജയം

നാടിന്റെ പരാജയമായിട്ടാണ് വരുന്നതെന്നുള്ളതുകൊണ്ടാണ് പറയാത്തത്. നിങ്ങൾ ഇതിനെതിരെ പ്രക്ഷോഭം നടത്തി. നിങ്ങളോടൊപ്പം ചേർന്നുകൊണ്ട് ബി.ജെ.പി.-യും സമാന്തരമായി പ്രക്ഷോഭം നടത്തി. കേന്ദ്രസർക്കാരിനെ നയിക്കുന്ന രാഷ്ട്രീയകക്ഷിയാണെന്നുള്ളതുകൊണ്ട് ബി.ജെ.പി.-യുംകൂടി വന്നപ്പോൾ ശക്തി കൂടുന്ന സ്ഥിതിവന്നു. സ്വാഭാവികമായും അതുവരെയുള്ള മനോഭാവത്തിൽ പിന്നീട് മാറ്റംവന്നു. ആ മാറ്റത്തിന്റെ നേർ അനുഭവമുള്ള ആളാണ് ഞാൻ. ആദ്യം പോയി സംസാരിച്ചപ്പോൾ നല്ല സഹകരണവും പിന്തുണയുമായിരുന്നു. പിന്നീട് ചെല്ലുമ്പോൾ ഒരുപാട് തടസ്സങ്ങൾ, പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രയാസങ്ങൾ എന്നിവയെല്ലാം കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായി. ഇത് നിങ്ങൾ രണ്ടുകൂട്ടരും നടത്തിയ ഇടപെടലുകളുടെ ഭാഗമായി വന്നതാണ്. നിങ്ങൾക്ക് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽനിന്നും പാർലമെന്റിലേയ്ക്ക് ധാരാളം എം.പി.-മാരെ അയയ്ക്കാൻ കഴിഞ്ഞു. ആ എം.പി.-മാർ പാർലമെന്റിൽ ഇത്തരം പദ്ധതികൾക്ക് എതിരായുള്ള നിലപാടാണെടുത്തത്, കേരളത്തിന്റെ വികസനത്തിനെതിരായ സമീപനമാണ് സ്വീകരിച്ചത്. ലോക്സഭ പോലുള്ള വേദിയിൽ

കേരളത്തിൽനിന്നുള്ള എം.പി.-മാരിൽ ഒന്നോ രണ്ടോപേർ ഒഴികെ ബാക്കിയെല്ലാവരും ഒന്നിച്ചുനിന്ന് 'ഇത് നാടിനുവേണ്ട' എന്നുപറയുന്ന അവസ്ഥയുണ്ടായി. അതിനേക്കാളും വാശിയോടെ നിങ്ങൾക്ക് പിന്തുണ നൽകിക്കൊണ്ട് ബി.ജെ.പി. രാഷ്ട്രീയമായി ഇടപെടുന്ന സ്ഥിതിയുണ്ടായി. അങ്ങനെ വന്നപ്പോൾ ഈ പദ്ധതിയുടെ കാര്യത്തിൽ രണ്ട് ഗവൺമെന്റുകൾ എന്ന നിലയിൽ ഉണ്ടാകേണ്ട സമീപനമല്ല കേന്ദ്രസർക്കാരിൽനിന്നും ഉണ്ടായത്. തീർത്തും വ്യത്യസ്തമായൊരു സമീപനം. ആ സന്ദർഭത്തിലാണ് പ്രധാനമന്ത്രിയെ കണ്ട് ഈ പദ്ധതി അംഗീകരിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നത്. അന്നേരം ആ പദ്ധതിക്കെതിരെ ഒരക്ഷരവും സംസാരിച്ചില്ല. പക്ഷെ, നമ്മൾ രാഷ്ട്രീയക്കാരായതുകൊണ്ട് കാര്യങ്ങൾ മനസ്സിലാകും. രാഷ്ട്രീയമായ ഇടപെടലുകൾ വരുമ്പോൾ സ്വാഭാവികമായും ഈ പദ്ധതിക്കെതിരെയുള്ള നിലപാട് മൊത്തമായിത്തന്നെ എടുക്കുന്ന സ്ഥിതിയുണ്ടായി. ഒരു വാചകം എപ്പോഴും നാം ശ്രദ്ധിക്കണം, എല്ലാ ഘട്ടത്തിലും കേന്ദ്രസർക്കാരിന്റെ ഉത്തരവാദപ്പെട്ടവർ പറഞ്ഞുകൊണ്ടിരിക്കുന്നത് ഇത് പൂർണ്ണമായും നടപ്പാക്കാൻ പറ്റാത്ത പദ്ധതിയാണെന്നല്ല.

'പരിശോധനയിലാണ്, പരിശോധിച്ച് വ്യക്തത വരുത്തട്ടെ, അതിനുശേഷമേ തീരുമാനമെടുക്കൂ' എന്നാണ്. അതായത് രാഷ്ട്രീയമായി അങ്ങേയറ്റത്തുപോയി എതിർക്കുന്ന നിലയുണ്ടായാലും ഈ പദ്ധതി അത്തരത്തിൽ കണ്ണടച്ച് എതിർക്കാൻ പറ്റുന്നൊരു പദ്ധതിയല്ല. ഇത് കേരളത്തിനുവേണ്ടി മാത്രമുള്ള പദ്ധതിയല്ല. അതായത് പദ്ധതി എന്ന നിലയ്ക്ക് ഇത് കേരളത്തിൽ മാത്രമായി ഒതുങ്ങി നിൽക്കുന്നതല്ല. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പാക്കപ്പെട്ടിട്ടുണ്ട്, ഇനി നടപ്പിലാക്കേണ്ടതായും വരും. അത്തരമൊരു സാഹചര്യത്തിൽ കേരളം എന്ന ചെറിയ സംസ്ഥാനത്ത് ഇന്നത്തെ ഒരു പ്രത്യേക സാഹചര്യംവച്ച്, ആ സാഹചര്യം എപ്പോൾ മാറുമെന്ന് നിശ്ചയമില്ലാത്ത അവസ്ഥയിൽ പൂർണ്ണമായി ഇതിനെ തള്ളിപ്പറയാൻ കേന്ദ്രസർക്കാരുനുപോലും കഴിയുന്നില്ല. ഇതാണ് നാം കാണേണ്ടത്. യഥാർത്ഥത്തിൽ അത്തരമൊരു സ്ഥിതിവിശേഷം വന്നപ്പോൾ എന്തുചെയ്യണം? ഇവിടെ നേരത്തേ ഞാൻ വായിച്ച കേന്ദ്ര ധനമന്ത്രിയുടെ കത്തിൽ കേന്ദ്രസർക്കാരിന്റെ സമീപനമാണ് വ്യക്തമാക്കുന്നത്. അതിന്റെ ഭാഗമായി പദ്ധതിക്ക് അനുമതി ഏതായാലും കിട്ടും. അനുമതി കിട്ടിയാൽ വേഗംതന്നെ

പദ്ധതി പൂർത്തിയാക്കണം. അതിനായി പദ്ധതി കിട്ടിയതിനുശേഷം നടത്തേണ്ട പ്രവർത്തനങ്ങളിൽ ചിലതൊക്കെ അനുമതി ലഭിക്കുന്നതിനുമുൻപുതന്നെ നമുക്ക് നടത്താൻ കഴിയും. ആ പഠനങ്ങളാണ് നടത്താൻ പുറപ്പെട്ടത്. പക്ഷെ, ഓരോ വാക്കിലും ഓരോ ഘട്ടത്തിലും ഇതിനെതിരെ കേന്ദ്രസർക്കാരിന്റെ ഉത്തരവാദപ്പെട്ടവർതന്നെ പ്രതികരിച്ചുകൊണ്ടിരിക്കുമ്പോൾ, അനുമതി കിട്ടിയതിനുശേഷം കാര്യങ്ങൾ നീക്കുന്നതാണല്ലോ നല്ലത്. അനുമതി കിട്ടാതിരിക്കില്ല. ഇന്നല്ലെങ്കിൽ നാളെ അനുമതി നൽകേണ്ടതായി വരും. അതിന്റെ ഭാഗമായി ഇവിടെ കുറച്ച് ആളുകൾ ഇതിന്റെ ചുമതലയിൽ നിൽക്കുന്നു. അവർക്ക് ചുമതല നിർവ്വഹിക്കാനുള്ള മറ്റ് ഒട്ടേറെ അടിയന്തര പ്രാധാന്യമുള്ള പദ്ധതികളുടെ രംഗങ്ങളുണ്ട്. അവരെ അവിടേയ്ക്ക് മാറ്റിക്കൊടുക്കാനാണ് തയ്യാറായത്. ഇതാണ് നാം കാണേണ്ടൊരു വസ്തുത. ഇത് പദ്ധതി ഉപേക്ഷിച്ചതിന്റെ ഭാഗമായല്ല. നിലവിലെ സാഹചര്യത്തിൽ പദ്ധതിയുടെ അനുമതി ലഭിച്ചതിനുശേഷം ഈ പറയുന്ന രീതിയിൽ കാര്യങ്ങൾ നടത്തുന്നതായിരിക്കും നല്ലത്. പദ്ധതിക്ക് അനുമതി ലഭിച്ചയുടനെ ഇവരെയെല്ലാം വീണ്ടും പദ്ധതിയുടെ ഭാഗമാക്കി കൂടുതൽ

വേഗതയിൽ കാര്യങ്ങൾ നീക്കാൻ സാധിക്കും. ഇതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. പദ്ധതി ഉപേക്ഷിച്ചിട്ടില്ല, ഉപേക്ഷിക്കത്തക്കതുമല്ല. ഒരു പദ്ധതി നടപ്പാക്കുന്ന രീതി...... (...ബഹളം...) ഞാൻ ഒരു കാര്യം ഓർമ്മിക്കുകയാണ്. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് സംസാരിക്കുമ്പോൾ ഭൂമി ഏറ്റെടുക്കലിന്റെ കാര്യത്തെക്കുറിച്ച് അദ്ദേഹത്തിന്റെ സംസാര മദ്ധ്യേ ഒരു ഭാഗം വരികയുണ്ടായി. 'ഞങ്ങളായിരുന്നു ഏറ്റവും കൂടുതൽ സമരം നടത്തിയത്' എന്നാണ് ദേശീയപാത വികസനത്തിന്റെ കാര്യത്തിൽ അദ്ദേഹം പറഞ്ഞത്. ഞങ്ങളെന്നു പറഞ്ഞത് ലീഗാണോ യു.ഡി.എഫ്. ആണോ എന്ന് വ്യക്തമല്ല. ഏതായാലും യു.ഡി.എഫ്. എന്നുപറയാം. വലിയ പ്രക്ഷോഭമായിരുന്നു. ഇപ്പോൾ ഭൂമി ഏറ്റെടുക്കൽ നടന്നു, അവർക്കെല്ലാവർക്കും നല്ല തൃപ്തിയാണെന്നാണ് അദ്ദേഹം അതിനുശേഷം പറഞ്ഞത്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇപ്പോൾ അത് ക്ലിയർ ചെയ്താൽ അതിനുവേണ്ടി പിന്നീട് സമയം കണ്ടെത്തേണ്ടതില്ല. നാഷണൽ ഹൈവേയുടെ കാര്യത്തിൽ നല്ല രീതിയിലുള്ള നഷ്ടപരിഹാരം നൽകിയപ്പോൾ ലാൻഡ് അക്വിസിഷന്റെ കാര്യത്തിൽ ആദ്യം ഉണ്ടായിരുന്ന എതിർപ്പ് കുറഞ്ഞു. അത്

കേന്ദ്ര ഗവൺമെന്റുകൂടി അസിസ്റ്റ് ചെയ്ത ഒരു പദ്ധതിയാണ്. പദ്ധതി നിലവിൽ വന്നപ്പോൾ നല്ല രീതിൽ നഷ്ടപരിഹാരം നൽകിയിരുന്നു. അതുപോലെ വിഴിഞ്ഞത്തെ മത്സ്യത്തൊഴിലാളികളുടെ കാര്യവും നേരത്തെ ശ്രദ്ധിച്ചിരുന്നെങ്കിൽ ഇപ്പോൾ സംഭവിച്ച അബദ്ധം അവിടെ പറ്റുകയില്ലായിരുന്നുവെന്നാണ് ഞാൻ പറഞ്ഞത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതിന്റെ സാരാംശം അദ്ദേഹം പറഞ്ഞതുതന്നെയാണ്. അതിൽ സംശയമില്ല. ആ പറഞ്ഞതിന്റെ മറ്റൊരുവശം നമ്മൾ നോക്കേണ്ടത്, 1162 ഹെക്ടർ ഭൂമിയാണ് NH-66-ന് വേണ്ടി ഏറ്റെടുക്കേണ്ടിയിരുന്നത്. 24 പാക്കേജുകളാണ് ഇതിൽ ഉണ്ടായിരുന്നത്. 89.3 ഹെക്ടറാണ് 2016 വരെ ഏറ്റെടുത്തത്. 493.81 ലക്ഷം രൂപ അതിൽ വിതരണം ചെയ്യുകയും ചെയ്തു. പിന്നീടുള്ള കാലത്തെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. 2016-ന് ശേഷം 170 ഹെക്ടർ ഭൂമി ഏറ്റെടുത്തു. ഇനി ഏറ്റെടുക്കാനുള്ളത് 12 ഹെക്ടർ ഭൂമി മാത്രമാണ്. ഒരു പദ്ധതി നടപ്പാക്കുന്നതിലെ വ്യത്യാസമാണ് ഇതിൽ നാം കാണേണ്ടത്. ഇതിന്റെ ഭാഗമായി നഷ്ടപരിഹാരത്തുക സംസ്ഥാനത്താകെ വിതരണം ചെയ്തത് 21,219 കോടി

രൂപയാണ്. ഇനി വിതരണം ചെയ്യാനുള്ളത് 989 കോടി രൂപയാണ്. അവകാശത്തർക്കങ്ങളും കേസും പോലുള്ള കാര്യങ്ങൾ കൊണ്ടാണ് അത് ബാക്കി നിൽക്കുന്നത്. സംസ്ഥാന സർക്കാർ എടുത്ത നിലപാട് ഇതാണ്. നിങ്ങൾ നടത്തിയ പ്രക്ഷോഭത്തിന്റെ ഭാഗമായി പദ്ധതിയുടെ കാര്യത്തിൽനിന്നും സംസ്ഥാന സർക്കാർ പിന്നോട്ടുപോയെന്ന് ഒരു തരത്തിലും നിങ്ങൾ ആശ്വസിക്കരുത്. പദ്ധതിക്കെതിരെ ഏത് പ്രക്ഷോഭം വന്നാലും അത് നാടിന്റെ താൽപര്യത്തിന് എതിരാണെങ്കിൽ ആ പ്രക്ഷോഭത്തിന് വഴങ്ങിക്കൊടുക്കുന്ന അവസ്ഥ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകില്ല. ദേശീയ പാത വികസനത്തിന്റെ കാര്യത്തിലായാലും ഗെയിൽ പൈപ്പ് ലൈനിന്റെ കാര്യത്തിലായാലും കൂടംകുളത്തുനിന്നും കൊണ്ടുവരുന്ന വൈദ്യുതിയുടെ കാര്യത്തിലായാലും ഇടമൺ-കൊച്ചി പവർ ഹൈവേയുടെ കാര്യത്തിലായാലും നാം ഇത് കണ്ടതാണ്. ഇതെല്ലാം നമ്മുടെ അനുഭവത്തിലുള്ള കാര്യങ്ങളാണ്. സർക്കാർ പിന്തുടരാൻ ആഗ്രഹിക്കുന്നതും ഇതേ നിലപാടാണ്. പക്ഷേ ഇക്കാര്യത്തിൽ താൽക്കാലികമായി ഒരു ആശ്വാസം നിങ്ങൾക്ക് ലഭിച്ചത്,.. ബി.ജെ.പി.-യുമായി ഒന്നുചേർന്ന് ഒരു

സമരം വന്നപ്പോൾ ആ സമരത്തിന്റെ അനുഭവങ്ങൾ നമ്മൾ കണ്ടതാണല്ലോ; അതിലേയ്ക്ക് ഞാൻ ഇപ്പോൾ പോകുന്നില്ല. നാടിന്റെ നന്മയ്ക്കുവേണ്ടിയാണ് രാഷ്ട്രീയകക്ഷികൾ എന്ന നിലയ്ക്ക് ഇത്തരം കാര്യങ്ങളിൽ നിലപാടുകൾ എടുക്കേണ്ടത്. എല്ലാ വികസന പദ്ധതികളും പൂർണ്ണതയിലേയ്ക്ക് എത്തിക്കുകയെന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ എല്ലാ കക്ഷികളും എല്ലാ സംഘടനകളും നമ്മുടെ പ്രമേയാവതാരകന്റെ ഭാഷയിൽ പറഞ്ഞാൽ അരി ആഹാരം കഴിക്കുന്നവരൊക്കെ ഇതിനൊടൊപ്പം നിൽക്കുകയാണ് വേണ്ടത്. ഇപ്പോൾ അരി ആഹാരം കഴിക്കാത്തവരുമുണ്ടാകും നമ്മൾ ശൈലിയായി സാധാരണ അതാണല്ലോ പറയാറുള്ളത്. എല്ലാവരും ഈ ഘട്ടത്തിൽ നാടിന്റെ താൽപര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഇത്തരം പദ്ധതികൾ പ്രാവർത്തികമാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകേണ്ടതുണ്ട്. നാട്ടിലുള്ള ഏതുവികസന പദ്ധതിയും നാടിന്റെ വികസനത്തിനാണ് സഹായിക്കുന്നത്. അത് വരും തലമുറയ്ക്കുവേണ്ടിയാണ്. നാടിന്റെ ഭാവിയെന്നുപറഞ്ഞാൽ നമുക്കല്ല. നമുക്ക് കുറച്ചുനാൾ മാത്രമെ അതിന്റെ ഗുണങ്ങൾ അനുഭവിക്കാനുണ്ടാകൂ. പക്ഷേ വരും

തലമുറയ്ക്കാണ് അതിന്റെ ഗുണം പൂർണ്ണമായി അനുഭവിക്കാൻ സാധിക്കുന്നത്. അതിനാണ് നാം എപ്പോഴും തയ്യാറാകേണ്ടത്. അത്തരമൊരു മനോഭാവം നിങ്ങളിൽനിന്ന് ഉണ്ടാകാത്തത് നാടിന് വിരുദ്ധമായ നിലപാടാണെന്ന് നിങ്ങൾ മനസ്സിലാക്കേണ്ടതാണ്. സർവ്വേക്കല്ലുകൾ ഉള്ളതുകൊണ്ട് ഒരു ദോഷവും സംഭവിക്കില്ല. ആ സ്ഥലം പണയപ്പെടുത്താനോ ക്രയവിക്രയം ചെയ്യാനോ ഒരു സാങ്കേതിക തടസ്സവുമില്ല. ബഹുമാനപ്പെട്ട പ്രമേയാവതാരകൻ ഏതോ ഒരു പത്രത്തിന്റെ ഉദ്ധരണിയിൽനിന്ന് എടുത്ത കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. അതിൽ പറഞ്ഞത്, സിൽവർലൈനുമായി ബന്ധപ്പെട്ട് കല്ലിട്ടതിന്റെ അടുത്ത പ്രദേശങ്ങളിൽ ആളുകൾ ഭൂമി വാങ്ങാൻ തയ്യാറാകുന്നില്ലെന്നാണ്. അങ്ങനെയാണെങ്കിൽ കേരളത്തിലെ റെയിൽവേ ലൈനിന്റെ സമീപത്ത് ആരെങ്കിലും താമസിക്കുമോ; കേരളത്തിൽ റെയിൽ ഇല്ലാത്തത് ചില ഭാഗങ്ങളിൽ മാത്രമാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ റെയിൽവെ ലൈനുണ്ട്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ പറഞ്ഞത് തെറ്റിദ്ധരിക്കുന്ന രീതിയിൽ ഉദ്ധരിക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്. ഏതോ പത്രത്തിലുള്ള

കാര്യമല്ല ഞാൻ പറഞ്ഞത്. മാതൃഭൂമി പത്രത്തിലാണ് ഈ വാർത്ത വന്നത്. ഇതുമായി ബന്ധപ്പെട്ട് ഓരോ വ്യക്തികൾക്കുമുണ്ടായ അനുഭവങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നതാണ്. കുറെ അനുഭവങ്ങൾ ഇതിലുണ്ട്. രണ്ടുമൂന്നെണ്ണം മാത്രമെ ഞാൻ വായിച്ചുള്ളൂ. റെയിൽവെയുമായി ബന്ധപ്പെട്ട് ഒരു അനുഭവം വടകരയിൽ ഉണ്ടായിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നിങ്ങളുടെ കാലത്തായാലും ഞങ്ങളുടെ കാലത്തായാലും കേരളത്തിൽ ഏതുപദ്ധതിവന്നാലും എതിർക്കുന്ന ചിലരുണ്ടെന്നാണ് ഇതിൽ നാം കാണേണ്ടത്. അതിൽ പലതും രാഷ്ട്രീയ പ്രസ്ഥാനങ്ങളല്ല. പ്രത്യേകമായ ചില വിഭാഗങ്ങളുണ്ട്. ഏതു പദ്ധതിക്കും ഇവർ എതിരാണ്. ആ കൂട്ടത്തിൽ നിൽക്കുന്ന ഒരു പത്രമാണിത്. കേരളത്തിലെ ഏതു പദ്ധതിയെയാണ് ഈ പത്രം അനുകൂലിച്ചിട്ടുള്ളത്; നിങ്ങൾ കേരളത്തിന്റെ പഴയ ചരിത്രം ഓർക്കണം. ആ ചരിത്രത്തിൽ ഏതെങ്കിലും ഒരു ഘട്ടത്തിൽ നാടിനാവശ്യമായ ഒരു പുതിയ പദ്ധതി മുന്നോട്ടുവന്നപ്പോൾ അനുകൂലിക്കാൻ തയ്യാറായിട്ടുണ്ടോ; അതിനെയൊക്കെ സാക്ഷ്യപ്പെടുത്തി കാര്യങ്ങൾ അവതരിപ്പിക്കാൻ നമ്മൾ നിൽക്കേണ്ട. അവരുടെ താൽപര്യങ്ങൾക്കനുസരിച്ച്

ഉള്ളതും ഇല്ലാത്തതുമായ കാര്യങ്ങൾ എഴുതിവച്ചിട്ടുണ്ടാകും. അതുശരിയാണെന്ന മട്ടിൽ ഇറങ്ങി പുറപ്പെടുന്നത് നല്ല കാര്യമല്ല. എനിക്ക് ഇതിൽ ഇതേ പറയാനുള്ളൂ. പദ്ധതി ആരംഭിക്കുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സിൽവർലൈൻ നമുക്ക് വേണം. എന്നാൽ സിൽവർലൈൻ മാത്രം പോരാ; രാജ്യത്ത് വന്ദേ ഭാരത് -ന്റെ കാര്യത്തിൽ എന്തുകൊണ്ടാണ് നമുക്ക് ഒരുമിച്ച് നിൽക്കാൻ സാധിക്കാത്തത്; കന്യാകുമാരി ഒരു ഭാഗത്തും മംഗലാപുരം വേറൊരു ഭഗത്തും നിൽക്കുന്ന സ്ഥലങ്ങളാണ്. ഇന്ത്യാ ഗവൺമെന്റിന് മംഗലാപുരത്തുനിന്നും കന്യാകുമാരിയിലേയ്ക്ക് വന്ദേ ഭാരത് ട്രെയിൻ സർവ്വീസ് നടത്തിക്കൂടെ, എന്തുകൊണ്ട് നമുക്കത് ആവശ്യപ്പെട്ടുകൂടാ, ഇതെല്ലാം നാടിന്റെ വികസനത്തിനാവശ്യവുമുള്ള കാര്യങ്ങളാണ്. നമ്മുടെ നാട്ടിൽ ആളുകൾക്ക് നല്ല രീതിയിൽ സഞ്ചരിക്കാൻ സാധിക്കണം. ആ സഞ്ചാരം നാടിന്റെ വികസനത്തിന് വലിയ തോതിലുള്ള കുതിപ്പുനൽകും. ഒരു നിക്ഷേപകൻ ഇവിടെ വന്നിറങ്ങി വളരെ വേഗം അദ്ദേഹത്തിന്റെ നിക്ഷേപ സ്ഥലത്ത് എത്തിച്ചേരണമെന്ന് ആഗ്രഹിക്കുന്നു. തടസ്സങ്ങൾ ഒന്നും ഉണ്ടാകരുതെന്നാണ് നിക്ഷേപകൻ ആഗ്രഹിക്കുന്നത്. ആ പശ്ചാത്തല സൗകര്യ വികസനത്തിൽ

ഓരോ വർഷം കഴിയുംന്തോറും നാം വളരെ മുന്നോട്ടാണ് പോയിട്ടുള്ളത്. പക്ഷേ, ഇതുകൊണ്ട് തൃപ്തിപ്പെട്ടുകൂടാ, ഇനിയും മുന്നോട്ട് പോകാനാകണം. പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ആശങ്കയ്ക്ക് അടിസ്ഥാനമില്ല. ആശങ്കകളുണ്ടെങ്കിൽ അത് ദൂരീകരിക്കാൻ സംസ്ഥാന സർക്കാർ എപ്പോഴും സന്നദ്ധമായിട്ടുണ്ട്. ഇനിയും സന്നദ്ധമാകുകയും ചെയ്യും. പദ്ധതി ഉപേക്ഷിക്കുക എന്ന് പറയുന്നത് സർക്കാരിനെ സംബന്ധിച്ചിടത്തോളം ചിന്തിക്കാൻ കഴിയാത്ത കാര്യമാണ്. പക്ഷേ, യാഥാർത്ഥ്യം യാഥാർത്ഥ്യമായി അംഗീകരിക്കണമല്ലോ. പദ്ധതി അംഗീകരിച്ചാലെ നടപ്പിലാക്കാൻ കഴിയൂ. ആ അംഗീകാരം ലഭിക്കുക എന്നതാണ് പ്രധാനം. അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ പെട്ടെന്നുതന്നെ ഇത് പൂർത്തിയാക്കാൻ കേരളത്തിൽ കഴിയുമെന്ന് തന്നെയാണ് കാണുന്നത്. അത്തരമൊരു സാഹചര്യത്തിൽ ഈ പ്രമേയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചേയ്യേണ്ട ഒരാവശ്യവും ഉയരുന്നില്ലെന്നാണ് എനിക്ക് വ്യക്തമാക്കാനുള്ളത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി.ഡി. സതീശൻ): സർ, ഒരിക്കലും മടങ്ങിവരാതെ അവൻ പോയി. പക്ഷേ, അവൻ വരുമെന്ന് നമ്മൾ സ്വയം ആശ്വസിക്കുകയാണ്. വരും വരാതിരിക്കില്ലെന്ന് സ്വയം ആശ്വസിക്കുകയാണ്. ഒരിക്കലും വരില്ലെന്ന് തീർച്ചയായും അറിയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗം കേട്ടപ്പോൾ ഒന്നുകൂടെ അടിവരിയിട്ട് വ്യക്തമായി ഒരുകാരണവശാലും വരില്ലെന്ന്. കാരണം, പദ്ധതി പൂർണ്ണമായും അനിശ്ചിതത്വത്തിലാണെന്നാണ് ഞങ്ങൾ പറഞ്ഞത്. ഞങ്ങൾ indefinite ആണെന്നാണ് പറഞ്ഞത്. മുഖ്യമന്ത്രിയുടെ മറുപടി ലഭിച്ചപ്പോൾ കാര്യം മനസ്സിലായി. ഒരു കാരണവശാലും വരില്ലെന്നുതന്നെയാണ് അദ്ദേഹം വരികൾക്കിടിലൂടെ കൃത്യമായി പറഞ്ഞത്. ഇതിന്റെ പ്രശ്നം എന്താണ്? ഒരനുമതിയും ലഭിക്കാതെ ജനങ്ങളെ വെല്ലുവിളിച്ചുകൊണ്ട് മുന്നോട്ടുപോകുന്നു. നിങ്ങൾക്ക് തുടർഭരണം ലഭിച്ചതിന്റെ ഒരു ധാർഷ്ട്യമുണ്ടായിരുന്നു. അതിലാണ് എന്തുവന്നാലും നടപ്പാക്കുമെന്ന് പറഞ്ഞത്. ഞങ്ങൾ വളരെ വിനയത്തിലാണ് മറുപടി പറഞ്ഞത് എന്തുവന്നാലും ഇവിടെ നടപ്പാക്കാൻ സമ്മതിക്കില്ല.

അവസാനം വിനയമാണ് ജയിച്ചത് ധാർഷ്ട്യമല്ല. ജനങ്ങളോടൊപ്പം നിന്ന് നടത്തിയ സമരം, മുഖ്യമന്ത്രിയും ആദ്യം സമ്മതിച്ചല്ലോ; നിങ്ങൾ വിജയിച്ചു പക്ഷേ, നാടിന്റെ പരാജയമാണ് എന്ന് പറഞ്ഞു. അങ്ങനെയല്ല, ഇത് നാടിന്റെ വിജയമാണ്. ഈ പദ്ധതിയുടെ ഡി.പി.ആർ. പരിശോധിച്ചാൽ, ഇത്രയും അവ്യക്തമായൊരു ഡി.പി.ആർ, പദ്ധതിയുടെ എസ്റ്റിമേറ്റ്പോലുമില്ലാതെ കേരളത്തിൽ വലിയൊരു പാരിസ്ഥിതിക ദുരന്തമുണ്ടാക്കാൻ പോകുന്നൊരു പദ്ധതിയാണെന്ന് വളരെ വ്യക്തമായിട്ട് മനസ്സിലാക്കാം. ഐ.പി.സി.സി. റിപ്പോർട്ട് സംബന്ധിച്ച് കഴിഞ്ഞ ദിവസം ഇവിടെ ശ്രീ. പി.സി. വിഷ്ണുനാഥ് സംസാരിച്ചതാണ്. ഐ.പി.സി.സി. റിപ്പോർട്ടിൽ കേരളം ഏറ്റവും അപകടകരമായ സ്ഥലമാണ്. കാലാവസ്ഥ വ്യതിയാനത്തിന്റെ ഏറ്റവും വലിയ ഇരയായി മാറാൻ പോകുന്ന സംസ്ഥാനത്ത് പാരിസ്ഥിതിക ദുരന്തമുണ്ടാക്കാൻ വേണ്ടിയുള്ള പാലമായിരുന്നു യഥാർത്ഥത്തിൽ ഈ സിൽവർ ലൈൻ എന്നുപറയുന്നത്. മാത്രമല്ല, അടിസ്ഥാനപരമായി ധനപ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഇന്ത്യയിൽ ഏറ്റവും സ്ലോ ഗ്രോത്തുള്ള 4 സംസ്ഥാനങ്ങളിലൊന്നാണ് കേരളം. റിസർവ് ബാങ്കിന്റെ റിപ്പോർട്ടാണ്

പുറത്തുവന്നിരിക്കുന്നത്. ഇന്ത്യയിൽ ഏറ്റവും fastest growth-ഉള്ള പത്ത് സംസ്ഥാനങ്ങളിൽ ദക്ഷിണേന്ത്യയിലെ തമിഴ്നാട്, കർണ്ണാടക, തെലുങ്കാന, ആന്ധ്രാപ്രദേശ് എന്നീ 4 അയൽ സംസ്ഥാനങ്ങളുണ്ട്. അങ്ങനെയൊരു വലിയ പ്രതിസന്ധിയിലൂടെ ക്ഷേമ പ്രവർത്തനങ്ങൾപോലും നടത്താൻ പറ്റാതെ മുന്നോട്ട് പോകുന്നൊരു സംസ്ഥാനത്ത് കേരളത്തെ ശ്രീലങ്കയാക്കി മാറ്റാൻ കഴിയുന്ന ഈ പദ്ധതി വേണ്ടെന്നാണ് ഞങ്ങൾ പറയുന്നത്. ഞങ്ങൾക്ക് കൃത്യമായ നറേറ്റീവുണ്ടായിരുന്നു. ഇത് പാരിസ്ഥിതിക ദുരന്തം വിതയ്ക്കുമെന്നും, കേരളത്തെ ശ്രീലങ്കയായി മാറ്റുമെന്നും നിരന്തരമായ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് ഞങ്ങൾ പറഞ്ഞത്. സിൽവർലൈനുമായി ബന്ധപ്പെട്ട് നിയോഗിച്ചിരിക്കുന്ന റവന്യൂ ഉദ്യേഗസ്ഥരെ പിൻവലിക്കുമെന്ന വാർത്ത വന്നപ്പോൾ റവന്യൂ മന്ത്രിയടക്കം എല്ലാവരും പൊട്ടിത്തെറിച്ചു. പക്ഷേ, അടുത്ത ആഴ്ച റവന്യൂ ഉദ്യോഗസ്ഥരെയെല്ലാം പിൻവലിച്ചു. ഇവിടെയുള്ള പ്രശ്നമെന്താണ്; ഇവിടെ ഈ വിഷയം അവതരിപ്പിച്ച ശ്രീ. റോജി എം. ജോൺ പറഞ്ഞു; 1221 ഹെക്ടർ കല്ലിട്ട് തിരിച്ചിരിക്കുകയാണ്. Right to Fare Compensation Act-ന്റെ 4 (1) എന്താണ്? 4(1) Whenever the appropriate Government intends to

acquire land for a public purpose എന്നാണ് തുടങ്ങുന്നത്. അതായത് land acquire ചെയ്യാൻ വേണ്ടിയിട്ടുള്ള Section 4 ആണ്, അവിടെനിന്നാണ് procedure തുടങ്ങുന്നത്. എവിടെവരെ; Section 10 വരെ. പിന്നീടാണ് 11 നോട്ടിഫിക്കേഷൻ വരുന്നത്. ആ പ്രോസസ്സ് ആരംഭിക്കാൻ മഞ്ഞക്കുറ്റികൾ പാകി. 1221 ഹെക്ടറിൽ ഒരു തരത്തിലുള്ള ക്രയവിക്രയവും നടക്കുന്നില്ല. ഞാൻ കേസ്സുകൾ പറഞ്ഞാൽ അങ്ങ് മാതൃഭൂമിയെപ്പറ്റിയും മലയാള മനോരമയെപ്പറ്റിയും പറയും. ഞാൻ അതുകൊണ്ട് പറയുന്നില്ല. 1221 ഹെക്ടറിലും ഒരു തരത്തിലുമുള്ള ക്രയവിക്രയങ്ങൾ നടക്കുന്നില്ല. മക്കളുടെ വിവാഹം നിശ്ചയിച്ചിട്ട് സ്ഥലം പണയപ്പെടുത്താൻ പോയപ്പോൾ ബാങ്കുകൾ സമ്മതിക്കാത്തത്, പകുതിയാക്കിയ വീട്ടു നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തത്, ഒരു തരത്തിലും പറ്റുന്നില്ല. അഡീഷണൽ ചീഫ് സെക്രട്ടി കത്തെഴുതിയെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. കേരളത്തിലെ അഡീഷണൽ ചീഫ് സെക്രട്ടറി കത്തെഴുതിയാൽ ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്ക് ലോൺ നൽകുമോ, നമ്മൾ പറഞ്ഞാലോ മന്ത്രി പറഞ്ഞാലോ ലോൺ നൽകുമോ? കല്ലിട്ടിരിക്കുന്ന ഈ ഭൂമിയിൽ അവർ ലോൺ നൽകില്ല. നാഷണലൈസ്ഡ്

ബാങ്ക് ലോൺ നൽകാത്തിടത്ത് വേറെയേതെങ്കിലും ന്യൂ ജനറേഷൻ ബാങ്കുകൾ നൽകുമോ; ആളുകൾ വല്ലാത്ത ദുരിതത്തിലാണ്. 1221 ഹെക്ടർ എന്നുപറഞ്ഞാൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള സ്ഥലങ്ങൾ ഉൾപ്പെട്ടിട്ടുള്ള ആളുകളുടെ പ്രയാസങ്ങളാണ്. അവർക്ക് ഒരുതരത്തിലും ബാങ്കിൽ ഭൂമി ഈട് വച്ച് ലോൺ എടുക്കാൻ കഴിയുന്നില്ല, ക്രയവിക്രയം ചെയ്യാൻ കഴിയുന്നില്ല. ഇതിന്റെ കൂടെ എടുക്കാതിരിക്കുന്ന ഭൂമിയുണ്ട്. രണ്ട് സൈഡിലും 10 മീറ്റർ ബഫർ സോൺ. ബഫർ സോൺ acquire ചെയ്യില്ല. പക്ഷേ, അവിടെ ഒരു നിരോധനമുണ്ട് ആദ്യത്തെ അഞ്ച് മീറ്ററിൽ കൺസ്ട്രക്ഷൻ പാടില്ല. അടുത്ത 5 മീറ്ററിൽ with prior permission മാത്രമേ construction നടത്താൻ പാടുള്ളൂ. അപ്പോൾ ആ 10 മീറ്റർ ബഫർ സോണിന്റെ കാര്യത്തിൽ തീരുമാനമായി. അവർക്ക് കോമ്പൻസേഷനും ലഭിക്കില്ല,  രാവിലെ എഴുന്നേറ്റ് ആ ഭൂമിയിലേക്ക് നോക്കി ഇതെന്റെ ഭൂമിയാണെന്ന് പറയാം, അല്ലതെ ഒരുകാര്യവും അവിടെ ചെയ്യാൻ കഴിയില്ല. സിൽവർ ലൈനിന്റെ 530 കിലോ മീറ്റർ ദൂരത്തും ഇരുവശത്തും 10 മീറ്റർ വീതം വരുന്ന ബഫർ സോണുകളാണ്, അപ്പോൾ ഒന്നും ചെയ്യാൻ കഴിയാത്ത ആയിരക്കണക്കിന് ഏക്കർ ഭൂമി ആയി, അതാരെങ്കിലും

വാങ്ങിക്കുമോ? അത് ഏതെങ്കിലും ബാങ്കിൽ പ്ലഡ്ജ് ചെയ്യാൻ കഴിയുമോ? ഒന്നും ചെയ്യാൻ പറ്റില്ല, അവരുടേയും കാര്യത്തിൽ തീരുമാനമായി. അപ്പോൾ ഈ 1221 ഹെക്ടർ മാത്രമല്ല, 10,000 കണക്കിന് ഏക്കർ ഭൂമിയുടെ കാര്യത്തിൽ ഗുരുതരമായ പ്രശ്നമുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. അതിൽ നമ്മൾ നിയമസഭയിൽ കൊണ്ടുവന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ഗവൺമെന്റ് 2021-ലെ നോട്ടിഫിക്കേഷൻ പിൻവലിക്കണം. ഇപ്പോൾ എന്താണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്; കേന്ദ്രത്തിൽ നിന്ന് അനുമതി ലഭിച്ചാൽ നിങ്ങൾ വീണ്ടും 4 (1) നോട്ടിഫിക്കേഷൻ ഇറക്കും. ഇപ്പോൾ ഇറക്കിയ 4 (1) നോട്ടിഫിക്കേഷന്റെ കാലാവധി ആറ് മാസമാണ്, റദ്ദായിട്ടില്ല. അപ്പോൾ നിങ്ങൾ ഇനിയും ഒരു 4 (1) നോട്ടിഫിക്കേഷൻ ഇറക്കണം, കേന്ദ്ര അനുമതി ലഭിക്കും, അപ്പോൾ 4 (1) നോട്ടിഫിക്കേഷൻ ഇറക്കണം. അങ്ങനെയാണെങ്കിൽ അനുമതി ലഭിക്കാതെ എന്തിനാണ് 4 (1) നോട്ടിഫിക്കേഷൻ ഇറക്കിയത്. ഇനി 2021-ലെ നോട്ടിഫിക്കേഷൻ റദ്ദാക്കിയാൽ അല്ലാതെ ഈ പറയുന്ന പതിനായിരക്കണക്കിന് ഏക്കർ ഭൂമിയിലെ ആൾക്കാർ പ്രയാസപ്പെടുകയാണ്. കേരളത്തിൽ എത്രമാത്രം ഭൂമിയുണ്ട്? കിഴക്ക് റിസർവ് ഫോറസ്റ്റ് ആക്ട്, നടുക്ക്

നെൽവയൽ നീർത്തടം നിയമം, പടിഞ്ഞാറ് CRZ. കേരളംപോലെ ഇത്രയും density of population ഉള്ളൊരു സംസ്ഥാനത്ത് വളരെക്കുറച്ച് ഭൂമി മാത്രമേ തടസ്സങ്ങളില്ലാതെ ഉപയോഗിക്കാൻ കഴിയുകയുള്ളൂ. ലക്ഷക്കണക്കിന് ഭവന രഹിതരുള്ള, ഭൂരഹിതരുള്ള ഒരു സംസ്ഥാനത്ത് ആയിരക്കണക്കിന് ഏക്കർ ഭൂമി ഒന്നും ചെയ്യാൻ കഴിയാതെ അക്ഷരാർത്ഥത്തിൽ മരവിക്കപ്പെട്ടിരിക്കുകയാണ്. അതിന്റെ ഉടമകളെന്നുപറയുന്നത് ആരാണ്; അതിൽ ധനികരായി എത്ര ശതമാനം ആളുകളുണ്ട്? 10 ശതമാനംപോലും ധനികരായിട്ടുള്ള ആളുകൾ അതിനകത്തുണ്ടോ? 90 ശതമാനം പേരും പാവപ്പെട്ട ആളുകളാണ്. അവരുടെ കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നല്ലൊരു സമീപനമുണ്ടാകണമെന്നാണ് ഞങ്ങൾ പറയുന്നത്. ഇവിടെ നേരത്തെ ശ്രീ. റോജി എം ജോൺ വായിച്ചപ്പോൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഒരു കാര്യം പറഞ്ഞു; നിങ്ങളിറക്കിയ 2021-ലെ ഓർഡറിൽ 7(3) എന്താണ്? Minimum Special LA units will be created by Govt. exclusively for the Land Acquisition of Semi High Speed Railway Line. എന്നിട്ട് special unit നിർമ്മിക്കുന്നതിനെപ്പറ്റി പറയുന്നു; The establishment

charges for running the Special Units shall be met by KRDCL from the funds provided by the State Govt. for the purpose, ഇതിനകത്തൊരു condition പറയുകയാണ് only after getting the project approved by Govt. of India and Railway Board അതല്ലേ ശ്രീ. റോജി എം ജോൺ വായിച്ചത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 18-08-2021-ൽ ഒരു ഗവൺമെന്റ് ഓർഡറിന്റെ ഭാഗമായി റവന്യൂ വകുപ്പിനോട് പബ്ലിഷ് ചെയ്യാൻ പറഞ്ഞ ഭാഗം മാത്രമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ വായിച്ചത്. അതിനുമുമ്പ് ഗവൺമെന്റ് കാബിനറ്റെടുത്ത തീരുമാനത്തിന്റെ ഭാഗമായി **13/2021** എന്ന ഗവൺമെന്റ് ഉത്തരവ് 11-06-2021-ൽ ഇറങ്ങിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ അങ്ങ് പറഞ്ഞ ഭാഗം ഉൾപ്പെടുത്തി detailed orders 1,2,3 above will be issued revenue department... അതുകൊണ്ടാണ് ഞങ്ങളത് വിതരണം ചെയ്തത്. തുടർന്ന് Principal secretary, Transport -ന്റെ ഉത്തരവിൽ സൂചിപ്പിക്കുന്നത്, 'Administrative Sanction is also accorded for availing a loan Rs. 2100 crore from KIIFB for meeting the cost of Land Acquisition of Silver Line Project being the part of State share in the project. ഇത്

11-06-2021-ലെ ഉത്തരവിൽ പരാമർശിക്കുന്നുണ്ട്. താങ്കൾ സൂചിപ്പിച്ച ഭാഗത്തിനുസമാനമായ രീതിയിൽ റവന്യൂ ഡിപ്പാർട്ടുമെന്റിനോട് ഉത്തരവിറക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. റവന്യൂ വകുപ്പ് ഇതുസംബന്ധിച്ച് ഇത്രമാത്രമേ സൂചിപ്പിച്ചിട്ടുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: ഗവൺമെന്റ് ഓഫ് ഇന്ത്യയിൽ നിന്നും റയിൽവേയിൽ നിന്നും അനുമതി കിട്ടാതെ പണം ചെലവാക്കരുതെന്ന് റവന്യൂ വകുപ്പിന്റെ ഉത്തരവിൽ കൃത്യമായി സൂചിപ്പിക്കുന്നുണ്ട്. ഓഡിറ്റിന്റെ അവസരത്തിൽ അവർ അത് പരിശോധിക്കും. 20 കോടി ലഭിച്ചതിൽ എട്ട് കോടി രൂപ ചെലവാക്കി. തുടർന്ന് 50 കോടി രൂപയോളം ചെലവാക്കി Systra -ക്ക് കൊടുത്തു. അതായത് ഏകദേശം 50-56 കോടിയോളം രൂപ ചെലവാക്കിയിട്ടുണ്ട്. ഇതൊരു പ്രോസസ്സാണല്ലോ; പ്രസ്തുത പ്രോസസ്സിനകത്ത് സർക്കാർ ഉത്തരവിന് എതിരായിട്ടാണ് സർക്കാർ എക്സ്പെന്റിച്ചർ നടത്തിയിരിക്കുന്നത്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടേയും റെയിൽവേയുടേയും അനുമതി കിട്ടാതെ പണം ചെലവഴിക്കാൻ പാടില്ലെന്ന് ഗവൺമെന്റ് ഉത്തരവിൽ എഴുതി വയ്ക്കുകയും രണ്ട് അനുമതിയും കിട്ടാതെ പണം ചെലവഴിക്കുകയും ചെയ്തിരിക്കുകയാണ്. 30 ഇനങ്ങളിലായിട്ടാണ് 56 കോടിയോളം രൂപ ചെലവഴിച്ചിരിക്കുന്നത് എന്നത് എടുത്തുപറയേണ്ടതാണ്. 'വന്ദേ

ഭാരത് എക്സ്പ്രസ്സ് കേരളത്തിൽ വരണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇക്കാര്യം ഞങ്ങളുടെ എം.പി. മാരും പാർലമെന്റിൽ ആവശ്യപ്പെട്ടിട്ടുണ്ട്. വന്ദേ ഭാരത് എക്സ്പ്രസ് കേരളത്തിൽ വരികയാണെങ്കിൽ സിൽവർ ലൈനിന് ഓൾട്ടർനേറ്റീവ് ആകില്ലേ? 160 - 165 കിലോമീറ്റർ വേഗതയിൽ പോകുന്ന ട്രെയിനാണ് വന്ദേ ഭാരത്. വന്ദേ ഭാരത് എക്സ്പ്രസ് സർവ്വീസ് നടത്തണമെങ്കിൽ റെയിൽവേ ലൈനിലെ കുറച്ചധികം വളവുകൾ നികത്തണം. വളവുകൾ റെയിൽവേ നികത്തും. റയിൽവേ ഇൻവെസ്റ്റ് ചെയ്യും. റയിൽവേയ്ക്ക് നേരിട്ട് ഇൻവെസ്റ്റ് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ലൈനുകൾ നേരെയാക്കാൻ സംസ്ഥാന സർക്കാർ സഹായിക്കണം. രണ്ട് ലക്ഷം കോടിയോളം രൂപ ചെലവാക്കി സിൽവർ ലൈൻ പദ്ധതി വരുന്നതിനുപകരം വന്ദേ ഭാരത് എക്സ്പ്രസ് കേരളത്തിൽ സർവ്വീസ് നടത്തിയാൽ മതിയാകില്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ എൻ.എച്ച്.-നെക്കുറിച്ച് സൂചിപ്പിച്ചു. 2001-ൽ ഞാൻ എം.എൽ.എ.-ആയ കാലഘട്ടം മുതൽ ഒന്നരപ്പതിറ്റാണ്ട് കാലം വരെ എൻ.എച്ച്.-ന്റെ സ്ഥലം ഏറ്റെടുക്കുന്നതിനെതിരെയുള്ള സമരത്തിലായിരുന്നു. പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിൽ ഏറ്റവും കൂടുതൽ സ്ഥലമെടുക്കുന്നത് എന്റെ

നിയോജകമണ്ഡലത്തിൽ നിന്നാണ്. ഞാൻ ഒറ്റയ്ക്കല്ല, എം.എൽ.എ. എന്ന നിലയിൽ ഞാനും എന്റെ പാർട്ടിയും സി.പി.ഐ(എം)-ഉം എൽ.ഡി.എഫ്.-ലെ എല്ലാ കക്ഷികളും ഞങ്ങൾ ഒരുമിച്ചാണ് സമരം ചെയ്തിരുന്നത്. അന്ന് ആദ്യത്തെ land acquisition നടന്നു. സെന്റിന് 23000 രൂപയാണ് അന്ന് നാഷണൽ ഹൈവേയിൽ നിന്ന് ലഭിച്ചത്. സെന്റിന് 3 ലക്ഷം രൂപ വിലയുള്ള സ്ഥാനത്താണ് 2006 -ൽ 23000 രൂപ ലഭിക്കുന്നത്. 10 സെന്റ് ഭൂമി ഒരാളുടെ കയ്യിൽ നിന്ന് നഷ്ടപ്പെട്ടാൽ അയാൾക്ക് കിട്ടുന്നത് 2,30,000 രൂപയാണ്. ഒരുസെന്റ് ഭൂമി പോലും വാങ്ങാൻ കഴിയില്ല. അതിന്മേൽ ഇൻകം ടാക്സും നല്കണമായിരുന്നു. അവരുടെ തന്നെ ഭൂമി തുടർന്നും ഏറ്റെടുക്കാൻ വന്ന സാഹചര്യത്തിൽ ഞങ്ങൾ തീർത്തും പറ്റില്ലെന്ന് പറഞ്ഞു. ഞാനന്ന് സംസാരിച്ചത് ചേരികളുണ്ടാകുന്നത് എങ്ങനെയെന്നാണ്. മേൽ സൂചിപ്പിക്കപ്പെട്ട സാഹചര്യങ്ങളിൽ നിന്നാണ് ചേരികളുണ്ടാകുന്നത്. രണ്ടാമതും മനുഷ്യനെ ഇറക്കിവിടുകയാണ്. വികസനത്തിന്റെ ഇരകളാണ്.... ഒരു കാരണവശാലും അത് നടക്കില്ല. എല്ലാ രാഷ്ട്രീയ കക്ഷികളും സമരത്തിന്റെ മുൻനിരയിലുണ്ടായിരുന്നു. Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 -ൽ യു.പി.എ.

സർക്കാർ കൊണ്ടുവന്നു. ശ്രീമതി സോണിയാഗാന്ധി മുൻകൈ എടുത്ത് കൊണ്ടുവന്ന ആക്ടാണ്. ഗവൺമെന്റ് - ബ്യൂറോക്രാറ്റ് ഭാഗങ്ങളിൽനിന്നും ഇതിനെതിരെ വലിയ എതിർപ്പുണ്ടായിരുന്നു. 2013-ലെ ഈ ആക്ടിനു ശേഷം, പ്രസ്തുത ആക്ടാണ് സാധാരണക്കാരനെ സംരക്ഷിച്ചുനിർത്തിയ വലിയ നിയമം. 2015 -ലാണ് അതിന്റെ റൂൾസ് നിലവിൽ വന്നത്. റൂൾസ് വായിച്ചശേഷം, 'ഇനി ഞാൻ സമരത്തിനില്ല, നാട്ടിൽ വികസനം വേണം, നിങ്ങളുടെ സ്ഥലമെടുത്താൽ നിങ്ങൾക്ക് മാന്യമായ കോംപൻസേഷൻ ലഭിക്കുമെന്നാണ് ഞാൻ സമരസമിതിയോടു പറഞ്ഞത്. ആക്ട് നിലവിൽ വന്നതിന്റെ ഫലമായി അന്ന് 23000 രൂപയ്ക്കെടുത്ത സ്ഥലം ഇന്ന് സെന്റിന് 8 ലക്ഷം രൂപ എന്ന നിരക്കിലാണ് നല്കിയത്. തുടർന്ന് 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നു, പ്രവൃത്തി ത്വരിതഗതിയിലാക്കി. കേന്ദ്രഗവൺമെന്റും അതിനോട് സഹകരിച്ചു. ധനസംബന്ധമായ സഹായങ്ങൾ ചെയ്തു. നിങ്ങളുടെ സർക്കാർ മുമ്പ് ഭരിച്ചപ്പോൾ നിങ്ങൾക്കാർക്കും ഇത്തരത്തിലൊരു കാര്യം ചെയ്യാൻ കഴിഞ്ഞില്ലല്ലോ.. അക്വിസിഷൻ നടപടികൾ തുടങ്ങിയിട്ട് 30 വർഷമായി. ഈ കാലഘട്ടത്തിനിടയിൽ ഉമ്മൻചാണ്ടി സർക്കാർ മാത്രമാണോ കേരളത്തിൽ

അധികാരത്തിൽ വന്നത്. ഒരുപാട് എൽ.ഡി.എഫ്. സർക്കാരുകളും വന്നു. ആർക്കും പറ്റിയില്ല... ആർക്കും പറ്റില്ല... ഇപ്പോൾ നിങ്ങൾക്കിത് ചെയ്യാൻ കഴിയുന്നത് കോൺഗ്രസ്സ് കാരണമാണെന്ന് മറക്കണ്ട. ഗെയിൽ പദ്ധതിയുടെ വിഷയം മുഖ്യമന്ത്രി എപ്പോഴും സൂചിപ്പിക്കും. ഗെയിൽ -ന് എതിരായി ആളുകൾ സമരം ചെയ്തു. ഞങ്ങളൊക്കെ ആദ്യം സമരത്തിലുണ്ടായിരുന്നു. തുടർന്ന് സർക്കാരിൽ വന്നതിനുശേഷമാണ് ഗെയിൽ-ന് കൊടുക്കാൻ തുടങ്ങിയ കോംപൻസേഷൻ മാറ്റിയത്. ഗെയിൽ പൈപ്പ് ലൈൻ പദ്ധതിക്കെതിരായ സമരത്തിലും സി.പി.ഐ.(എം) ഉണ്ടായിരുന്നു. ഭൂമിക്കടിയിൽ ഒളിപ്പിച്ചുവച്ചിരിക്കുന്ന ബോംബാണ് ഗെയിൽ - എന്ന് പ്രസംഗിച്ച ഒരു നേതാവ് അങ്ങയുടെ മന്ത്രിസഭയിലുണ്ട്. അദ്ദേഹമിപ്പോൾ സ്ഥലത്തില്ല. ഓരോ കാലഘട്ടത്തിൽ സാധാരണക്കാരുടെ പ്രശ്നങ്ങൾക്കുവേണ്ടി സമരം ചെയ്യും. ആ സമരത്തിന്റെ ഫലമായി ഗെയിൽ പൈപ്പ് ലൈൻ-ന് ആദ്യം കൊടുത്ത കോംപൻസേഷനല്ല പിന്നീട് കൊടുത്തത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അങ്ങ് പറഞ്ഞ ദേശീയപാത വികസനത്തിന്റെ പദ്ധതി അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിൽ തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്. 45 മീറ്റർ അംഗീകരിക്കുന്നത് ശ്രീ. ഉമ്മൻചാണ്ടി

സർക്കാരിന്റെ കാലത്താണ്. 'എന്തിനാണ് ഇത്രയധികം വീതി, 30 മീറ്റർ പോരേ.... തുടങ്ങി ഒട്ടനവധി അഭിപ്രായങ്ങളുണ്ടായിരുന്നു. 30 മീറ്ററിലായിരുന്നു അഭിപ്രായപ്രകടനങ്ങളുണ്ടായിരുന്നത്. അത് ഏറെക്കുറേ അംഗീകാരമായ മട്ടിൽ പോയതാണ്. തുടർന്ന് എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും സംയുക്ത യോഗത്തിലാണ് 45 മീറ്റർ എന്നാക്കിയത്. അതോടുകൂടിയാണ് കേരളത്തിൽ ഈ പദ്ധതിക്ക് 45 മീറ്റർ എന്ന രീതിയിൽ അംഗീകാരം നല്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, അത് ശരിയാണ്. അതിലൊന്നും തർക്കമില്ല. 60 മീറ്റർ വേണമെന്നായിരുന്നു ദേശീയ പാത അതോറിറ്റി അഭിപ്രായപ്പെട്ടത്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ജനസാന്ദ്രതയും മറ്റ് ഘടകങ്ങളും കണക്കാക്കി 30 മീറ്റർ വേണമെന്ന വാദമുണ്ടായിരുന്നു. 45 മീറ്റർ വേണമെന്ന വാദത്തോടൊപ്പം അന്ന് സി.പി.(ഐ)എം-ന്റെ പാർട്ടി സെക്രട്ടറിയായിരുന്ന അങ്ങും സർവ്വകക്ഷിയോഗത്തിൽ അഭിപ്രായം പറഞ്ഞു. 45 മീറ്ററാക്കാനുള്ള തീരുമാനമെടുത്തത് ആ സർവ്വകക്ഷിയോഗത്തിലാണ്. ഒരു തർക്കവും അക്കാര്യത്തിലില്ല. 2016 വരെ ഞങ്ങളെല്ലാവരും അതിനെതിരായി സമരം ചെയ്തു. 2016-ൽ നിങ്ങൾ വന്നതിനുശേഷം ഇത് നടപ്പാക്കി എന്ന് പറയുന്നു. നിങ്ങൾ

എല്ലാവരും സമരം ചെയ്തതാണ്. പ്രസംഗിച്ച ആളുകളുടെ വാക്കുകളും സമരത്തിന്റെ ചിത്രങ്ങളുമുള്ള പേപ്പർ കട്ടിംഗ്സ്.... മാതൃഭൂമിയൊക്കെ കൂട്ടത്തിൽ ഉണ്ടാകും; എന്നാലും ഞാൻ കൊണ്ടുവരാം. ഗെയിൽ-ന്റെ കോംപൻസേഷൻ പാക്കേജിൽ മാറ്റം വരുത്തിയത് സമരത്തിന്റെ ഭാഗമായിട്ടാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഈ സമരസമിതി എന്റെ നിയോജകമണ്ഡലത്തിൽ സത്യാഗ്രഹമായിരുന്നു. അവർ തെരഞ്ഞെടുപ്പുവേളയിൽ എനിക്കെതിരെ എന്നെ പരാജയപ്പെടുത്തണമെന്ന രീതിയിലാണ് പ്രവർത്തിച്ചത്. കാരണം, സമരസമിതിയുടെ തീരുമാനങ്ങൾക്കെതിരായി ഞാൻ ഉറച്ചുനിന്നു. നിങ്ങൾക്ക് നല്ല കോമ്പൻസേഷൻ ലഭിക്കുമെന്ന് ഞാൻ പറഞ്ഞു. ഈ നാട്ടിൽ വികസനം ആവശ്യമാണ്. നിങ്ങൾ എനിക്ക് വോട്ട് ചെയ്തില്ലെങ്കിൽ ഒരു കുഴപ്പവുമില്ല; അത് നിങ്ങളുടെ ഇഷ്ടമാണെന്ന് ഞാൻ പറഞ്ഞു. തെരഞ്ഞെടുപ്പിൽ എനിക്കെതിരെയാണ് അവർ പ്രവർത്തിച്ചത്. ഞങ്ങളൊക്കെ വികസനത്തിന്റെ കൂടെ നിൽക്കുന്ന ആളുകളാണ്. അതുകൊണ്ട് സിൽവർ ലൈൻ പദ്ധതിയോട് ഞങ്ങൾക്ക് ഒരു തരത്തിലും യോജിക്കാൻ കഴിയില്ല. കേരളത്തിൽ സിൽവർ ലൈൻ പദ്ധതി ഒരുകാരണവശാലും നടപ്പിലാക്കാൻ ഞങ്ങൾ സമ്മതിക്കില്ല.

കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയാലും അതിനെതിരെ ജനങ്ങളെ അണിനിരത്തികൊണ്ട് സമരം ചെയ്യും. അതിൽ ഒരു സംശയവും വേണ്ട. ബി.ജെ.പി./കോൺഗ്രസ്സ് എന്നൊക്കെ ഇവിടെ പറഞ്ഞെങ്കിലും അങ്ങയുടെ പ്രതീക്ഷയെന്താണ്? ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെയും ബി.ജെ.പി. നേതാക്കളെയും നേരിൽകണ്ട് സംസാരിച്ച് കേരളത്തിനുവേണ്ടി ഇതിന് അനുമതി വാങ്ങിക്കാമെന്നാണ്. ആ അനുമതിയുമായി അങ്ങ് ഇവിടെ വന്നാലും കേരളത്തിൽ ഞങ്ങൾ സിൽവർ ലൈൻ പദ്ധതി നടപ്പാക്കാൻ സമ്മതിക്കുന്ന പ്രശ്നമില്ല. ഇത് നടപ്പാകില്ലെന്ന് ഉറപ്പാണ്. നിങ്ങളെക്കാൾ ഈ പദ്ധതി നടപ്പാകില്ലെന്ന് ഏറ്റവും നന്നായി അറിയാവുന്നയാൾ കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. അദ്ദേഹത്തിന് ഈ പദ്ധതി പെട്ടന്ന് പിൻവലിക്കാനുള്ളൊരു മടിയുണ്ട്. 2021-ലെ നോട്ടിഫിക്കേഷൻ പിൻവലിച്ച് പതിനായിരക്കണക്കിന് പാവപ്പെട്ട മനുഷ്യരുടെ പരിതാപകരമായ ഈ അവസ്ഥയ്ക്ക് ഒരു മാറ്റം വരുത്തണമെന്നാണ് ഈ സർക്കാരിനോട് പറയാനുള്ളത്. ഇതിനെതിരെ മുദ്രാവാക്യം വിളിച്ചവരുടെ പേരിൽപ്പോലും ജാമ്യമില്ലാകേസ് എടുത്തിരിക്കുകയാണ്. ആയിരക്കണക്കിന് കേസുകളാണ് എടുത്തിരിക്കുന്നത്.

ഇവർക്ക് പാസ്പോർട്ടോ ജോലിയുടെ ആവശ്യത്തിനായി പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റോ ലഭിക്കുന്നില്ല. സമരം ചെയ്തവരെ ജാമ്യമില്ലാകേസെടുത്ത് P.C.C. (Police Clearance Certificate) കൊടുക്കാതെ ഇങ്ങനെ വിഷമിപ്പിക്കുകയാണ്. ഏറ്റവും കൂടുതൽ സമരം ചെയ്ത പാർട്ടി നിങ്ങളുടെ പാർട്ടിയല്ലേ? ഇത് അവരുടെ കിടപ്പാടമാണ്. എന്ത് അക്രമണമാണ് അവർ ചെയ്തിട്ടുള്ളത്? അവരുടെ ഭൂമിയിൽ കല്ലിടാൻ വന്നപ്പോൾ ഇവിടെ പറ്റില്ലെന്ന് പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് ഒരു സ്ത്രീയെ ചങ്ങനാശ്ശേരിയിൽ വലിച്ചുകൊണ്ട് പോകുന്ന ചിത്രം വന്നു. റോഡ് തടയാൻ പോയതിനാണ് വലിച്ചുകൊണ്ടുപോയെന്നാണ് ആളുകൾ വിചാരിച്ചത്. അവിടെനിന്നല്ല അവരെ വലിച്ചുകൊണ്ടുപോയത്. അവരുടെ സ്വന്തം വീട്ടിന്റെ വരാന്തയിൽനിന്നാണ് അവരെ വലിച്ചുകൊണ്ട് പോയത്. മഞ്ഞ കുറ്റിയുമായി വന്നവർക്കെതിരെ മുദ്രാവാക്യം വിളിച്ച ആയിരക്കണക്കിന് ആളുകളുടെ പേരിൽ ജാമ്യമില്ലാകേസ് എടുത്തിരിക്കുകയാണ്. അങ്ങ് അവരോട് സഹാനുഭൂതി കാണിച്ച് ആ കേസുകൾ പിൻവലിക്കാനുള്ള തീരുമാനമെടുക്കണം. അത് പറ്റില്ലെന്ന് അങ്ങ് പറഞ്ഞത് വാശിയാണെന്ന് എനിക്കറിയാം. എന്നാലും

ഞങ്ങൾ അത് ചെയ്യാനായി അഭ്യർത്ഥിക്കുകയാണ്. ഇത്രയും പ്രതിസന്ധിയും ദ്രുദൗർലഭ്യവുമുള്ള സംസ്ഥാനത്ത് സാധാരണക്കാരായ പാവപ്പെട്ട ജനങ്ങൾ കഷ്ടപ്പെടുകയും പ്രയാസപ്പെടുകയും ചെയ്യുമ്പോൾ ആ വിഷയം നിയമസഭയിൽ അവതരിപ്പിച്ചിട്ടും അതിന് അനുകൂലമായ പ്രതികരണം നടത്താത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പ്രതിപക്ഷം പറഞ്ഞാലും സമരം ചെയ്താലും സർക്കാർ ഉറച്ച നിലപാടെടുത്ത് നടപ്പിലാക്കേണ്ട പ്രോജക്ടുകളുണ്ട്. സർക്കാർ പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ കേരളംപോലുള്ള സംസ്ഥാനത്ത് ജനകീയ പ്രശ്നങ്ങൾ ഉയർന്നാൽ ഒരുപക്ഷേ പ്രോജക്ടിന്റെ വിശാല താല്പര്യത്തിനപ്പുറം ജനകീയ സമ്മർദ്ദംകൊണ്ട് പ്രതിപക്ഷം പറയാൻ ബാധ്യസ്ഥരാണ്. ഞങ്ങൾ പറയുമെന്ന് കരുതി ഗവൺമെന്റ് പ്രോജക്ടുകൾ ഉപേക്ഷിക്കണമെന്നില്ല. ഞാൻ ബാക്കിഭാഗംകൂടി പറഞ്ഞശേഷം കയ്യടിക്കുന്നതായിരിക്കും നല്ലത്. അതായത്, ആ ഗണത്തിൽ സിൽവർ ലൈൻ

പദ്ധതി വരില്ലെന്നാണ് ഞാൻ വാദിച്ചുകൊണ്ടിരുന്നത്. നാഷണൽ ഹൈവേ സംബന്ധിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അതിൽ 30 മീറ്റർ മതിയെന്ന് പറഞ്ഞവരുണ്ടായിരുന്നു. ഞങ്ങൾ അതിനെ അനുകൂലിച്ചിട്ടില്ല. ആ 30 മീറ്റർ മതിയെന്നും മുഴുവൻ ഏറ്റെടുത്ത് നശിപ്പിക്കാൻ പോകുകയാണെന്നും പറഞ്ഞ് ഇല്ലാത്ത ഭീതിയുമുണ്ടാക്കി ഞങ്ങളുടെ ലീഗ് ഓഫീസിൽ വന്ന് സമരക്കാർ ഖരാവോ ചെയ്തു. ഞങ്ങൾക്കെതിരായി പുതിയ പാർട്ടിയുണ്ടാക്കി. പാർലമെന്റിൽ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനെതിരായി തെരഞ്ഞെടുപ്പിൽ മത്സരിച്ചു. അങ്ങനെ പലതുമുണ്ടായിട്ടുണ്ട്. പക്ഷേ അതൊരു വാദക്കാരാണ്. നാഷണൽ ഹൈവേ വികസനത്തിൽ ഞങ്ങളെക്കാൾ ഉറച്ച നിലപാട് നിങ്ങളെടുത്തു. അങ്ങനെ നാഷണൽ ഹൈവേ യാഥാർത്ഥ്യമാക്കി. ആർക്കും നാഷണൽ ഹൈവേ വേണ്ടയെന്നുള്ള അഭിപ്രായമുണ്ടായിട്ടില്ല. ഗെയിൽ പദ്ധതിയുടെ കാര്യത്തിൽ കോമ്പൻസേഷനുമില്ല, ഭൂമിക്കടിയിൽ കുഴിച്ചിട്ട ബോംബാണെന്നൊക്കെ പറഞ്ഞുണ്ടാക്കിയ പ്രശ്നങ്ങളാണ് സമരത്തിലേയ്ക്ക് നയിച്ചത്. ആ സാഹചര്യം മാറി. ഞാൻ അന്ന് വ്യവസായ വകുപ്പിനാണ് നേതൃത്വം നൽകിയത്. ഗെയിൽ പദ്ധതി വേണമെന്നും അത്

പ്രാവർത്തികമായാലുണ്ടാകുന്ന ഗുണങ്ങളും മറ്റ് കാര്യങ്ങളുംവച്ച് വേണ്ടായെന്ന് ഒരിക്കലും പറഞ്ഞിട്ടില്ല. ഞങ്ങൾ ഉറച്ച നിലപാടെടുത്തതിന് ഉത്തമ ഉദാഹരണമാണിത്. വിഴിഞ്ഞം പദ്ധതിയുടെ കാര്യത്തിലും അങ്ങനെതന്നെയാണ്. പോർട്ട് വേണ്ടായെന്ന് ആരെങ്കിലും പറഞ്ഞോ; ഇല്ല. പക്ഷേ ആ ഗണത്തിൽ സിൽവർ ലൈൻ വരില്ല. അതിൽ നിങ്ങൾ ഒരുപാട് പെരുമ കാണിക്കുന്നതിൽ അർത്ഥമില്ലെന്നാണ് ഞങ്ങളുടെ വാദം. കാരണം, സിൽവർ ലൈനിന്റെ പ്രവർത്തനങ്ങൾക്ക് ഒരു പ്രത്യേക ഓഫീസുണ്ടാക്കി ശ്രീ. ടി. ബാലകൃഷ്ണന് അതിന്റെ ചുമതലയും നൽകി. അതിന് വ്യവസായ വകുപ്പാണ് നേതൃത്വം കൊടുത്തത്. പ്രോജക്ടിനും ഫീസിബിലിറ്റിക്കുമായി അന്ന് ഞങ്ങളും കുറച്ച് പണം ചെലവഴിച്ചു. സിൽവർ ലൈൻ പദ്ധതിക്ക് ഫീസിബിലിറ്റിയുമില്ല, ധാരാളം പ്രായോഗിക പ്രശ്നങ്ങളുണ്ടെന്ന് മനസ്സിലാക്കി ഞങ്ങൾ പ്രസ്റ്റീജാക്കാതെ അതിൽനിന്നും പിന്മാറി. പക്ഷേ ഇപ്പോഴത്തെ ഗവൺമെന്റ് ആ പ്രോജക്ടിലും ഒരുപാട് മുന്നോട്ടുപോയി. ബാക്കിയുള്ള പ്രോജക്ടുകൾക്ക് നിങ്ങൾ മുന്നോട്ടുപോകുമെന്നുതന്നെയാണ് മനസ്സിലാക്കിയത്. വിഴിഞ്ഞം പോർട്ട്, നാഷണൽ ഹൈവേ, ഗെയിൽ പദ്ധതി എന്നിവ വലിയ പ്രസ്റ്റീജാക്കി

കൊണ്ടുവന്നത് പോലെയല്ല സിൽവർ ലൈൻ പദ്ധതിയെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ വന്ദേഭാരത് പദ്ധതിൽ കേന്ദ്രഗവൺമെന്റിനാണ് ചെലവ് വരുന്നത്. അപ്പോൾ ഇതിന്റെ ഫീസിബിലിറ്റിയിൽ വലിയ വ്യത്യാസം വരും. ഇതൊക്കെ പൊളിറ്റിക്കലായിട്ടല്ലാതെതന്നെ നോക്കിക്കഴിഞ്ഞാൽ ചില പ്രോജക്റ്റുകൾ അതിൽ വരില്ല. നിങ്ങൾ ഉറച്ച നിലപാടുകളെടുക്കണ്ടേ? ഞങ്ങളും എടുത്തിട്ടുണ്ടല്ലോ. ഉദാഹരണമായി, കരുണാകരൻ ഗവൺമെന്റിന്റെ കാലത്ത് യു.ഡി.എഫ്. അടിയുറച്ച് നിന്നതുകൊണ്ടാണ് കൊച്ചി എയർപ്പോർട്ട് നിലവിൽവന്നത്. അന്നത്തെ പ്രതിപക്ഷം വലിയ സമരമാണ് നടത്തിയത്. അതുപോലെ, പിൽക്കാലത്ത് പ്രോഫഷണൽ വിദ്യാഭ്യാസം ഓപ്പൺ ചെയ്യുന്നതിൽ എന്തുമാത്രം സമരമാണ് നിങ്ങൾ നടത്തിയത്; അപ്പോൾ ഞങ്ങൾ വഴങ്ങിയോ? ആന്റണി ഗവൺമെന്റിന്റെ കാലത്ത് എമർജിംഗ് കേരളയെന്ന ടൈറ്റിൽ കിട്ടിയ നല്ലൊരു അഡ്വൈസിന്റെ അടിസ്ഥാനത്തിലാണ് പ്രൊഫണൽ മെഡിക്കൽ/എഞ്ചിനിയറിംഗ് വിദ്യാഭ്യാസം ഓപ്പൺ ചെയ്യണമെന്ന് ഞങ്ങൾ തീരുമാനിച്ചത്. അതിനെതിരെ വലിയ പ്രക്ഷോപവും

എതിർപ്പും കല്ലേറുമായിരുന്നു. അന്ന് വെടിവയ്പ്പല്ലാത്തവയെല്ലാം നടന്നു. പക്ഷേ ഞങ്ങൾ ഉറച്ചുനിന്നു. പ്രൊഫഷണൽ വിദ്യാഭ്യാസം ഓപ്പൺ ചെയ്തിട്ടില്ലെങ്കിൽ ഇന്ന് കേരളത്തിന്റെ സ്ഥിതിയെന്താണ്; രണ്ട് ഗവൺമെന്റ് കോളേജുകൊണ്ട് കളിച്ചിരുന്നെങ്കിൽ ഇന്ന് എവിടെയെത്തുമായിരുന്നു? മെഡിക്കൽ വിദ്യാഭ്യാസം/എഞ്ചിനീയറിംഗ് എന്നുള്ള തലമുറതന്നെ മാറിയില്ലേ? ഉറച്ച നിലപാട് എടുക്കേണ്ട വിഷയമുണ്ട്. ആ ഗണത്തിൽ നിർഭാഗ്യവശാൽ സിൽവർ ലൈൻ ഉൾപ്പെടില്ല. കുറച്ച് പ്രോജക്ട് പഠനം നടത്തിയത് തെറ്റായി കാണേണ്ട കാര്യമില്ല; നിങ്ങളും നടത്തിയിട്ടുണ്ട്, ഞങ്ങളും നടത്തിയിട്ടുണ്ട്. ഫീസിബിളല്ലെങ്കിൽ......, ഇനിയിപ്പോൾ അത് കേന്ദ്രഗവൺമെന്റിന്റെ തലയിലാണ്. അങ്ങനെയങ്ങ് പോയാലും തരക്കേടില്ല. അത് നടപ്പിലാക്കുന്നത് വലിയ ബുദ്ധിമുട്ടുണ്ടാക്കുമെന്നുള്ളതാണ് വസ്തുത. അക്കാര്യം ഇവിടെ പറയാതിരിക്കാൻ കഴിയില്ല. ഇന്നത്തെ അടിയന്തര പ്രമേയത്തിന് കാരണമായ വിഷയമെന്താണ്? ഈ ഭൂമി ഫ്രീസ് ചെയ്തു വച്ചിട്ടുള്ളത് ആളുകൾക്ക് വലിയ വിഷമവും പ്രശ്നങ്ങളുമുണ്ടാക്കിയിരിക്കുകയാണ്. അതുകൊണ്ട് ജനകീയ പ്രശ്നങ്ങൾ

മനസ്സിലാക്കി ഗവൺമെന്റ് ഈ വിഷയത്തിൽ ,,, ഇനിയിപ്പോൾ കേന്ദ്ര ഗവൺമെന്റാണ് ഈ വിഷയത്തിൽ തീരുമാനിക്കേണ്ടത്. അവർ അത് പറയട്ടെ. വന്ദേഭാരത് പദ്ധതിക്കുവേണ്ടി നമുക്ക് ഒരുമിച്ച് ശ്രമിക്കാം. അതും ഹൈ സ്പീഡാണ്. എന്നാൽ ഇക്കാര്യത്തിൽ അത്ര വലിയ സ്പീഡൊന്നുമില്ല. ഞാൻ മുമ്പ് വ്യവസായ വകുപ്പുമന്ത്രിയായിരുന്നതുകൊണ്ടാണ് അക്കാര്യത്തിൽ അഴത്തിൽ പറഞ്ഞത്. ഇത്രത്തോളം തുക ചെലവാക്കാവുന്ന......, അത്രവലിയ സ്പീഡും ഫീസിബിലിറ്റിയും അതിനില്ല. സഞ്ചരിക്കാൻ ആളുകൾ തയ്യാറാകണ്ടേ? ഇപ്പോൾ മെട്രോ റെയിൽ നഷ്ടത്തിലാണ് ഓടുന്നത്. ഇതിൽ സഞ്ചരിക്കാൻ ആളുകളെ കിട്ടിയില്ലെങ്കിൽ അതിലും വിനയായി മാറും. ഈ പ്രോജക്ടിനുപകരം വന്ദേഭാരത് പദ്ധതി എല്ലാവരുംകൂടി യോജിച്ച് നടപ്പാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിന് കേന്ദ്രഗവൺമെന്റാണ് കൂടുതൽ തുക ചെലവാക്കേണ്ടത്. ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയം വളരെ ന്യായമാണ്. അതിനാധാരമായ വിഷയം ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നമാണ്. അതിൽ ആളുകൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഈ സ്റ്റേജിലെങ്കിലും ചർച്ച ചെയ്ത് അതിനുള്ള

പരിഹാരം കാണണം. വെറുതെ അവിടെ ലോൺ കൊടുത്തോളും അവിടെ വെറുതെ എല്ലാം നടക്കുമെന്ന് പറഞ്ഞാൽ ഈ നാട്ടിൽ നടക്കില്ല. ബഹു. റവന്യൂ വകുപ്പുമന്ത്രി ഇക്കാര്യങ്ങൾ വളരെ എളുപ്പത്തിലാണ് പറഞ്ഞത്. പക്ഷേ ആഹ്വാനംകൊണ്ടോ, ഉത്തരവുകൊണ്ടോ ബാങ്ക് ലോൺ കൊടുക്കില്ല. ഇതൊന്നും ചർച്ച ചെയ്യാത്ത സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. മോൻസ് ജോസഫ്: സർ, സിൽവർ ലൈൻ പദ്ധതിക്കെതിരെ സംസ്ഥാനത്തൊട്ടാകെ ജനങ്ങളുടെ അതിശക്തമായ പ്രതിഷേധം ഉയർന്നിരിക്കുകയാണ്. യു.ഡി.എഫ്. ആ സമരത്തിന്റെകൂടെ നിൽക്കുന്നുവെന്നത് വസ്തുതയാണ്. അതിന്റെ കാരണം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവും ഇവിടെ പറയുകയുണ്ടായി. ഞങ്ങളുടെ പ്രദേശങ്ങളിലൂടെയെല്ലാം കെ-റെയിലിന്റെ

മഞ്ഞക്കുറ്റികൾ സ്ഥാപിച്ച് ജനങ്ങളുടെ വലിയ പ്രതിഷേധം ഏറ്റുവാങ്ങേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ ജനവികാരത്തെ മാനിച്ച് സിൽവർ ലൈൻ പദ്ധതി ഉപേക്ഷിക്കുകയെന്നതാണ് ഗവൺമെന്റ് ചെയ്യേണ്ടത്. അതിനുപകരം ഇത് നിർബന്ധമായി നടപ്പാക്കുമെന്ന നിലപാടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമടക്കം നിയമസഭയിൽ ഇന്ന് വ്യക്തമാക്കിയത്. അത് 100 ശതമാനം പ്രതിഷേധാർഹമാണ്. കാരണം നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്കുൾക്കൊള്ളാൻ സാധിക്കാത്ത, ജനങ്ങൾ വേണ്ടായെന്ന് പറയുന്ന, ജനങ്ങൾക്ക് വലിയ ദ്രോഹമുണ്ടാക്കുന്ന ഒരു പദ്ധതിയെന്ന നിലയിൽ സിൽവർ ലൈൻ പദ്ധതി ഉപേക്ഷിക്കുവാൻ ഗവൺമെന്റ് ഇനിയെങ്കിലും തയ്യാറാകണം. നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ സാധിക്കുന്ന വിധത്തിലുള്ള 'വന്ദേ ഭാരത്' പോലുള്ള പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി ഭരണ -പ്രതിപക്ഷ ഭേദമെന്യേ ഒറ്റക്കെട്ടായി നിൽക്കാൻ സാധിക്കുമെന്ന് ഈ നിയമസഭയിൽത്തന്നെ വ്യക്തമായിരിക്കുന്ന സാഹചര്യത്തിൽ അത്തരത്തിൽ ജനങ്ങൾക്ക് ഉപകരിക്കുന്ന പദ്ധതിയിലേയ്ക്ക് ഗവൺമെന്റ്

മടങ്ങിവരണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട്, ഈ അടിയന്തര പ്രമേയം ചർച്ചയ്ക്കെടുക്കാത്ത നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഞങ്ങൾ വികസനത്തിനെതിരാണെന്ന വ്യാഖ്യാനത്തിന് അർത്ഥമില്ല. ഈ പദ്ധതിയെ ഞങ്ങൾ എതിർക്കുന്നത് പാരിസ്ഥിതിക, സാമ്പത്തിക, സാമൂഹ്യ ആഘാതങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ ഒരു സ്ക്വയർ കിലോമീറ്ററിൽ 800-ഓളം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഭൂപ്രദേശമാണ് കേരളമെന്ന് ചോദ്യോത്തര വേളയിൽ പറഞ്ഞു. അത്രമാത്രം ജനസാന്ദ്രത കേരളത്തിലുണ്ട്. അങ്ങനെയുള്ള സാഹചര്യത്തിൽ ഇതുമായി മുമ്പോട്ട് പോകുമ്പോൾ ഇത് ലാഭകരമാവില്ല. ധാരാളം ജനങ്ങളെ കുടിയൊഴിപ്പിക്കപ്പെടുന്ന സാമൂഹ്യവും പാരിസ്ഥികവുമായ പ്രശ്നങ്ങളുണ്ടാകുന്നു. 'വന്ദേ ഭാരത് പോലുള്ള പദ്ധതികൾ കൊണ്ടുവരാൻ ഗവൺമെന്റ്

തയ്യാറാകേണ്ടതുണ്ട്. അതിന് രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാ രീതിയിലുമുള്ള പിന്തുണ എല്ലാവരുടെയും ഭാഗത്തുനിന്ന് ഉണ്ടാകുന്നുവെന്നുള്ളതും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതായത് ഗവൺമെന്റ് മുൻകൈ എടുത്തുകഴിഞ്ഞാൽ റെയിൽവേയുടെ വലിയ വികസനം കേരളത്തിൽ കൊണ്ടുവരാൻ സാധിക്കും. ഇപ്പോൾത്തന്നെ വിവിധ റെയിൽവേ സ്റ്റേഷനുകൾ എയർപോർട്ട് മാതൃകയിൽ വികസിപ്പിക്കുന്നുവെന്നാണ് മാധ്യമങ്ങളിലൂടെ അറിയാൻ സാധിച്ചത്. റെയിൽവേയിലെ അനന്തസാദ്ധ്യതകൾ വിനിയോഗിക്കാൻ സാധിക്കണം. ഇടുക്കിയിൽ എയർസ്ട്രിപ് നിർമ്മിച്ചു. അങ്ങനെ എയർസ്ട്രിപ്പുകൾ വ്യാപകമാക്കാൻ സാധിക്കണം. അങ്ങനെ ഇതിന്റെ ആൾട്ടർനേറ്റീവ് പദ്ധതികളിലേയ്ക്ക് പോകണമെന്നാണ് ഗവൺമെന്റിനോട് അപേക്ഷിക്കാനുള്ളത്. ഞങ്ങൾ ഒരിക്കലും വികസനത്തിനെതിരല്ല. പാരിസ്ഥിതിക, സാമ്പത്തിക, സാമൂഹ്യ ആഘാതങ്ങളാണ് ഈ പദ്ധതിയെ എതിർക്കുവാനിടവരുന്നത്. ഇവിടെ ഗവൺമെന്റ് ഇറക്കിയിരിക്കുന്ന വിജ്ഞാപനം പിൻവലിക്കണം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി രേഖകളുടെ അടിസ്ഥാനത്തിലാണ് നിയമസഭയിൽ

സംസാരിക്കുന്നത്. പക്ഷെ ഗ്രൗണ്ട് റിയാലിറ്റി മറ്റൊന്നാണ്. ഇവിടെ ഭൂമി കൈമാറ്റം നടക്കാത്തതുകൊണ്ട് വലിയ ബുദ്ധിമുട്ടുകൾ പൊതുജനങ്ങൾക്കുണ്ടാകുന്നു. അതോടൊപ്പംതന്നെ ഇതിനെതിരെ 11 ജില്ലകളിലായി 1000-ത്തോളം കേസുകൾ എടുത്തിട്ടുണ്ട്. എനിക്കെതിരെ ആറ് കേസുകളുണ്ട്. എനിക്കെതിരെയോ, എം.എൽ.എ.-മാർക്കെതിരെയോ, ജനപ്രതിനിധികൾക്കെതിരെയോ എടുത്തിട്ടുള്ള കേസുകളൊന്നും നിങ്ങൾ പിൻവലിക്കേണ്ട. പക്ഷെ സാധാരണക്കാരായ ജനങ്ങൾക്കെതിരെ എടുത്തിരിക്കുന്ന കേസുകൾ പിൻവലിക്കണം. സ്വന്തം കിടപ്പാടവും ജീവിതമാർഗ്ഗവും നഷ്ടപ്പെടുമെന്നുകണ്ട് സമരത്തിലേയ്ക്കിറങ്ങിയ സാധാരണക്കാരെ കേസുകളുടെ പേരിൽ കോടതികൾ കയറിയിറങ്ങേണ്ട സാഹചര്യമുണ്ടാകരുത്. അവരുടെ കേസുകൾ നിർബന്ധമായും പിൻവലിക്കണമെന്നുകൂടി ആവശ്യപ്പെടുന്നു. ഈ അടിയന്തര പ്രമേയം ചർച്ചയ്ക്കെടുക്കാത്ത നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് വാക്കൗട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീമതി കെ. കെ. രമ</u>: സർ, അവ്യക്തമായ, അനിശ്ചിതത്വത്തിലായ ഒരു പദ്ധതിക്ക് മുമ്പിൽ ജനങ്ങൾ നിസ്സഹായരാണ്. പദ്ധതി പ്രദേശത്തെ അവരുടെ ഭൂമിയിൽ ക്രയവിക്രയം നടത്താനോ ലോണുകളെടുക്കാനോ ഒന്നും സാധിക്കാതെ ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. നേരത്തെ റെയിൽവേയുടെ ബഫർ സോണിൽ റെയിൽവേയുടെ എൻ.ഒ.സി. ആയിരുന്നു വേണ്ടിയിരുന്നത്. ഇപ്പോൾ റെയിൽവേയുടെ എൻ.ഒ.സി. പോര, കെ-റെയിലിന്റെ കൂടി എൻ.ഒ.സി. ഉണ്ടെങ്കിൽമാത്രമെ ലോൺ ലഭിക്കുകയുള്ളൂവെന്ന അവസ്ഥയാണ്. വടകരയിലും ഇരിങ്ങലിലുമൊക്കെ ധാരാളം അനുഭവങ്ങളുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് വലിയ ബുദ്ധിമുട്ടാണ് ജനങ്ങൾക്കുണ്ടാകുന്നത്. ഇതിനൊരു പരിഹാരമാണുണ്ടാകേണ്ടത്. അതിനാവശ്യമായ നടപടികൾ ചർച്ച ചെയ്യാത്തതിൽ പ്രതിക്ഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പ സമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)